**പതിമൂന്നാം കേരള നിയമസഭ**

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## രണ്ടാമത് റിപ്പോർട്ട്

2012 ജൂൺ 1 മുതൽ 2013 സെപ്റ്റംബർ 30 വരെ
പരിഗണിച്ച വിഷയങ്ങൾ

(2014 ജനുവരി 23-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**രണ്ടാമത് റിപ്പോർട്ട്**

(2012 ജൂൺ 1 മുതൽ 2013 സെപ്റ്റംബർ 30 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

(2014 ജനുവരി 23-ാം തീയതി സമർപ്പിച്ചത്)

332/2014.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം | I. ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 19 |
| | II. ഗവൺമെന്റിൽനിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീരുമാനമാകാത്ത ഹർജികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 25 |
| | III. 13-2-2013-ലെ സ.ഉ. (പി) 11/2013/ട്രാൻ. നമ്പർ സർക്കാർ ഉത്തരവ് | .. | 35 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. എ. എ. അസീസ്, എം.എൽ.എ.
,, ബി. ഡി. ദേവസ്സി, എം.എൽ.എ.
,, വർക്കല കഹാർ, എം.എൽ.എ.
,, കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.
,, കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.
,, എസ്. രാജേന്ദ്രൻ, എം.എൽ.എ.
,, കെ. രാജു, എം.എൽ.എ.
,, തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
,, എസ്. ബിന്ദു, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

## ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 ജൂൺ 1-ാം തീയതി മുതൽ 2013 സെപ്റ്റംബർ 30-ാം തീയതി വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട് സമിതി നടത്തിയ പഠനങ്ങൾ, തെളിവെടുപ്പ് യോഗങ്ങൾ, സന്ദർശനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മുതിർന്ന പൗരന്മാർ വ്യക്തിപരമായും സമൂഹത്തിലും നേരിടുന്ന അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ ശുപാർശകളും മുതിർന്ന പൗരന്മാരിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും സമിതിക്ക് ലഭിച്ച ഹർജികളുടെയും അവ സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2014 ജനുവരി 15-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

റ്റി. യു. കുരുവിള,

*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 23.

## റിപ്പോർട്ട്

വൈദ്യശാസ്ത്ര പുരോഗതിമൂലം മനുഷ്യന്റെ ആയുർദൈർഘ്യം വർദ്ധിക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന അധിക ദിനങ്ങൾക്ക് സന്തോഷവും ഊർജ്ജവും പകരുക എന്നത് പരമപ്രാധാന്യം അർഹിക്കുന്ന ഒരു കടമയാണ്. എങ്കിലും ശാരീരികമായ പ്രവർത്തനങ്ങളുടെ സ്വാഭാവികമായ മന്ദീഭവിക്കൽ ഉൾപ്പെടെ ശരീരത്തിലെ എല്ലാ അവസ്ഥകൾക്കും മാറ്റം സംഭവിക്കുന്ന വാർദ്ധക്യത്തിൽ പലപ്പോഴും മുതിർന്ന പൗരൻമാർ അർഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന പരിഗണനയും പരിചരണവും അവർക്ക് സമൂഹത്തിൽ നിഷേധിക്കപ്പെടുന്നു. ബന്ധുജനങ്ങളും സമൂഹവും കാണിക്കുന്ന അവഗണന, ദൈനംദിനകാര്യങ്ങൾ നടത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ, വാർദ്ധക്യസഹജമായ ശാരീരികാവശതകൾ, മറവിരോഗങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, പൊതുസ്ഥലങ്ങളിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്നിവ വയോജനങ്ങളെ മാനസികമായും ശാരീരികമായും തളർത്തുന്നു. കുടുംബാംഗങ്ങളുടെയും ബന്ധുജനങ്ങളുടെയും സ്നേഹവും പരിപാലനവും ലഭിക്കേണ്ട രണ്ടാം ബാല്യത്തിൽ, അവരിൽനിന്നും അനീതിയും അവഗണനയും മാത്രം നേരിടേണ്ടിവരുന്ന വയോജനങ്ങളെ പരിരക്ഷിക്കുന്നത് സർക്കാരിന്റെ ഉത്തരവാദിത്വമായി മാറുന്ന സംഭവങ്ങൾ ഇന്ന് വിരളമല്ല.

2. കേരള നിയമസഭയുടെ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി, വയോജനങ്ങൾക്കായി സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികൾ പരിഗണിക്കുകയും ഇവയുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭ്യമാക്കുന്നതിനും വയോജനങ്ങൾ സ്വഗൃഹത്തിലും സമൂഹത്തിലും നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും, മുതിർന്ന പൗരൻമാരും സന്നദ്ധ സംഘടനകളും സമിതിക്ക് സമർപ്പിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. ജീവിത സായാഹ്നത്തിൽ വൃദ്ധസദനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന മുതിർന്ന പൗരൻമാർക്ക് അവിടെ ലഭിക്കുന്ന സൗകര്യങ്ങളെക്കുറിച്ച് അവലോകനം നടത്തുന്നതിനായി സമിതി, വൃദ്ധസദനങ്ങൾ സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3. 2012 ജൂൺ 1 മുതൽ 2013 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽവന്ന വിഷയങ്ങൾ വിശദമാക്കിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി എഴുപത്തിരണ്ട് പുതിയ ഹർജികൾ ലഭിക്കുകയുണ്ടായി. ഇവയിൽ ഹർജിക്കാരുടെ വ്യക്തിപരമായ പ്രശ്നങ്ങളും, സമൂഹത്തിൽ വയോജനങ്ങൾ നേരിടുന്ന പൊതുവായ പ്രയാസങ്ങളും ഉൾപ്പെട്ടിരുന്നു. പ്രസ്തുത ഹർജികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി തുടർനടപടി സ്വീകരിച്ചു.

4. 2012 ജൂൺ 1 മുതൽ 2013 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ സമിതി 32 യോഗങ്ങൾ ചേർന്നു. ഇവയിൽ 11 യോഗങ്ങൾ സമിതിയുടെ അഖിലേന്ത്യാ പഠന പര്യടനമുൾപ്പെടെയുള്ള സന്ദർശനങ്ങളോടനുബന്ധിച്ചും 2 യോഗങ്ങൾ ഹർജിക്കാരിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനും മറ്റ് യോഗങ്ങൾ സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ച പുതിയ ഹർജികളും ഹർജികളിൻമേൽ

സർക്കാരിൽനിന്ന് ലഭിച്ച റിപ്പോർട്ടുകളും പരിഗണിക്കുന്നതിനുമാണ് ചേർന്നത്. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ നടപ്പാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് സമിതി ചർച്ച നടത്തുകയും മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായുള്ള നിരവധി ശുപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

5. സമിതി 2012 ജൂൺ 5-ാം തീയതി തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് മുതിർന്ന പൗരൻമാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് സംഘടനകളും വ്യക്തികളുമായി ചർച്ച നടത്തുകയും പരാതികൾ സ്വീകരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് സമിതി രാമവർമ്മപുരം സർക്കാർ വൃദ്ധസദനം സന്ദർശിച്ച് അതിന്റെ പ്രവർത്തനം വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

6. 3-10-2012 മുതൽ 13-10-2012 വരെ നടത്തിയ പഠന പര്യടനത്തിന്റെ ഭാഗമായി സമിതി ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഗോവ, കൊൽക്കത്ത, ന്യൂഡൽഹി എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും വയോജന ക്ഷേമത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ സംബന്ധിച്ച് പോർട്ട് ബ്ലെയറിലെ ചിന്മയ സീനിയർ സിറ്റിസൺ സെന്റർ അധിപതിയുമായും വിവിധ സംസ്ഥാനങ്ങളിലെ ഭരണാധികാരികളുമായും ചർച്ച നടത്തുകയും ചെയ്തു.

7. സമിതി 2012 നവംബർ 8-ാം തീയതി പത്തനംതിട്ട ജില്ലയിലെ പമ്പ ദേവസ്വം ഗസ്റ്റ് ഹൗസിൽ യോഗം ചേർന്ന് ശബരിമല ദർശനത്തിനെത്തുന്ന മുതിർന്ന പൗരൻമാർക്ക് ലഭ്യമായ വിവിധ സൗകര്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

8. വയോജനങ്ങൾക്ക് ശബരിമലയിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. ശബരിമല തീർത്ഥാടനത്തിനായി എത്തുന്ന 20-30 പേർ അടങ്ങുന്ന ഒരു സംഘത്തിന്റെ തലവൻ മുതിർന്ന പൗരനായ ഗുരുസ്വാമി ആയിരിക്കുമെന്നും ആ സംഘത്തിൽനിന്നും ഗുരുസ്വാമിയെ വേർപിരിക്കാൻ കഴിയാത്തതുകൊണ്ട് ഗുരുസ്വാമിക്കുമാത്രം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുക പ്രായോഗികമല്ലെന്നും മല കയറുന്നതിന് ഡോളി സൗകര്യം ലഭ്യമാണെന്നും ഒരു വശത്തേക്ക് 1,200 രൂപയും മുകളിലോട്ടും താഴോട്ടുംകൂടി 2,300 രൂപയുമാണ് ദേവസ്വം ബോർഡ് നിശ്ചയിച്ചിരിക്കുന്ന നിരക്ക് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചു.

9. ഡോളി സംവിധാനത്തിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ദേവസ്വം ബോർഡിൽനിന്നും പാസ് എടുത്തിട്ടുള്ളവരാണ് പ്രീ-പെയ്ഡ് സംവിധാനത്തിൽ ഡോളി സർവ്വീസ് നടത്തുന്നതെന്നും റെയിൽവേയിലും മറ്റും ചെയ്യുന്നതുപോലെ ടോക്കൺ സംവിധാനത്തിൽ ഡോളി സർവ്വീസ് നടത്തുന്നതിനെക്കുറിച്ച് അന്വേഷിക്കാമെന്നും പ്രസാദവിതരണത്തിന് മുതിർന്ന പൗരൻമാർക്കായി പ്രത്യേക ക്യൂ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നും ദേവസ്വം ബോർഡ് കമ്മീഷണർ സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

10. ശബരിമലയിൽ ചികിത്സാസൗകര്യങ്ങൾ വർഷംതോറും മെച്ചപ്പെടുന്നു ണ്ടെന്നും മുൻവർഷം നിലയ്ക്കലിൽ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെ എല്ലാവിധ സൗകര്യങ്ങളുമുളള ഒരു ആശുപത്രി പ്രവർത്തിച്ചിരുന്നുവെന്നും ഒറ്റയടിക്ക് മലകയറുന്നത് അപകടകരമാണ് എന്ന് സൂചിപ്പിക്കുന്ന ബഹുഭാഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും അറിയിപ്പുകൾ നൽകുകയും ചെയ്യുന്നുണ്ടെന്നും 16 സ്ഥലങ്ങളിൽ ഓക്സിജൻ പാർലർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സമിതിയുടെ നിർദ്ദേശാനുസരണം മുതിർന്ന പൗരൻമാർക്കായിമാത്രം പ്രത്യേക സൗകര്യം നൽകുന്ന കാര്യം ആലോചിക്കാവുന്നതാണ് എന്നും കമ്മീഷണർ വിശദീകരിച്ചു.

11. ശബരിമലയിലെ തിരക്ക് മുതിർന്ന പൗരൻമാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാ ക്കുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. മുതിർന്ന പൗരൻമാർക്ക് എല്ലാ മേഖലയിലും പ്രത്യേക പരിഗണനയും സുരക്ഷിതത്വവും നൽകണം എന്ന് സമിതി ശുപാർശ ചെയ്യുന്നു. ദർശനത്തിനും പ്രസാദം വാങ്ങുന്ന സ്ഥലത്തും, അന്നദാനത്തിലും ആരോഗ്യരംഗത്തും മുതിർന്ന പൗരൻമാർക്ക് മുൻഗണന ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. മുതിർന്ന പൗരൻമാർക്ക് റെയിൽവേയിൽ കൺസഷൻ അനുവദിക്കുന്നതു പോലെ ഡോളി റേറ്റിലും കൺസഷൻ അനുവദിക്കണമെന്നും ഡോളി സർവ്വീസിൽ ചൂഷണം ഒഴിവാക്കുന്നതിന് ദേവസ്വം ബോർഡുതന്നെ റേറ്റ് നിശ്ചയിച്ച് ടോക്കൺ നൽകുന്ന സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. ദേവസ്വം ബോർഡ് ഡോളി തയ്യാറാക്കി വാടകയ്ക്ക് നൽകിയാൽ മുതിർന്ന പൗരൻമാരോടൊപ്പം വരുന്നവർ തയ്യാറാണെങ്കിൽ അവരെ ചുമന്ന് കൊണ്ടു പോകുന്നതിന് സാധിക്കും. ശബരിമലയിൽ നടന്നുപോകുക എന്നത് വിശ്വാസപരമായ ആചാരമായതിനാൽ മലകയറ്റത്തിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തണം എന്ന് സമിതി നിർദ്ദേശിക്കുന്നു.

14. മുൻവർഷം 'വർച്ച്വൽ ക്യൂ' സംവിധാനം 3.75 ലക്ഷം ഭക്തർ പ്രയോജന പ്പെടുത്തിയെന്നും മുതിർന്ന പൗരൻമാർക്ക് പ്രത്യേക പരിഗണന നൽകുന്ന സംവിധാനം ഇപ്പോഴില്ലെന്നും അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്നും പമ്പ പോലീസ് ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു.

15. ശബരിമല സീസണിൽ 200 ടോയ്ലറ്റുകളാണ് ഭക്തർക്കായി സജ്ജീകരിച്ചിരി ക്കുന്നത് എന്ന് ജില്ലാ കളക്ടർ അറിയിച്ചു. മുതിർന്ന പൗരൻമാർക്കുവേണ്ടി പ്രത്യേക ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പമ്പയിൽനിന്നും നിലയ്ക്കലേക്ക് ഒരു വൺവേ റോഡിനെക്കുറിച്ച് ആലോചിക്കണമെന്നും, കൂടാതെ വയോജനങ്ങൾക്കായി ഒരു റോപ്പ്‌വേ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

17. ആരോഗ്യവകുപ്പിന്റെ കീഴിൽ നിലയ്ക്കലിൽ പ്രവർത്തിക്കുന്ന ആശുപത്രി കൂടാതെ മലകയറുന്ന സ്ഥലങ്ങളിൽ ഓക്സിജൻ പാർലറുകളും ബി. പി. പരിശോധന, ഇസിജി, ഹെൽത്ത് സ്ക്രീനിംഗ് തുടങ്ങിയവ നടത്തുന്നതിനുളള സംവിധാനം

നിലവിലുണ്ടെന്നും അലോപ്പതിയോടൊപ്പം ഹോമിയോ, ആയുർവേദ ചികിത്സയ്ക്കുള്ള സംവിധാനവുമുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പ്രസ്തുത ക്ലിനിക്കുകളിലെല്ലാം മുതിർന്ന പൗരൻമാർക്ക് പ്രത്യേക പരിഗണന നൽകണമെന്നും ആയുർവേദ ചികിത്സ കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

18. സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയോജനക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന പൗരൻമാരെ അവരുടെ ബന്ധുക്കളുടെ അടുക്കൽ എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും ഒരു ലെയ്സൺ ഓഫീസറെ നിയമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

19. സന്നിധാനത്ത് കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സമിതി ആരാഞ്ഞു. ഇതിനായി പൈപ്പ് ലൈൻ ഇട്ടിട്ടുണ്ടെന്നും പണി ഉടനെ പൂർത്തിയാകുമെന്നും, പമ്പയിൽനിന്നും വെള്ളം എത്തിക്കുന്നതിന് ഗതാഗതക്കുരുക്ക് പ്രശ്നമാണെന്നും ബോർവെല്ലിൽനിന്നും വെള്ളം നൽകുന്നുണ്ടെന്നും സന്നിധാനത്തുള്ള കുളത്തിലെ വെള്ളത്തിൽ അയൺ കണ്ടന്റ് കൂടുതലായതിനാൽ ഉപയോഗിക്കുവാൻ കഴിയുന്നില്ലെന്നും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. ശബരിമലയിൽ ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

20. അഴുത മുതൽ പമ്പവെ രയുള്ള 24 കിലോമീറ്റർ ദൂരത്ത് വൈദ്യപരിശോധനാ സംവിധാനമില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനൊരു പരിഹാരമായി അഴുത മുതൽ പമ്പവരെയുള്ള കാനനപാതയിൽ അയ്യപ്പ സേവാസംഘം ഒരുക്കിയിട്ടുള്ള ഷെഡ്ഡുകളോടനുബന്ധിച്ച് വൈദ്യപരിശോധനാ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

21. ശബരിമലയുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ഇത് പരിഹരിക്കുന്നതിനായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ കീഴിൽ 5 സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചു. വടശ്ശേരിക്കര, ചിറ്റാർ തുടങ്ങിയ പഞ്ചായത്തുകളുടെ തനതുഫണ്ട് അല്ലെങ്കിൽ പ്ളാൻ ഫണ്ട് ഉപയോഗിച്ച് തീർത്ഥാടകർക്ക് വിശ്രമകേന്ദ്രങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പുദ്യോഗസ്ഥൻ ധരിപ്പിച്ചു. പ്രസ്തുത കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22. മുതിർന്ന പൗരൻമാരായ അയ്യപ്പഭക്തർക്ക് യാത്രാകൂലിയിൽ ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്നും ഇതിനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.ക്ക് പ്രത്യേകമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. സമിതി 2013 മേയ് മാസം 24-ാം തീയതി തേക്കടിയിലെ രാജീവ് ഗാന്ധി കോംപ്ലക്സിലെ കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് മുതിർന്ന പൗരൻമാർക്കായി സർക്കാർ തലത്തിൽ ഇടുക്കി ജില്ലയിൽ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ചും വയോജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ചും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയും തുടർന്ന് കുമളിയിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന അസീസി സ്നേഹാശ്രമം എന്ന വൃദ്ധസദനം സന്ദർശിക്കുകയും ചെയ്തു.

24. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിരക്ഷയ്ക്കായി സ്ഥാപിച്ചിട്ടുള്ള മെയിന്റനൻസ് ട്രിബ്യൂണലുകളുടെ ജില്ലയിലെ പ്രവർത്തനത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ഇടുക്കി ആർ.ഡി.ഒ.യുടെയും ദേവികുളം ആർ.ഡി.ഒ.യുടെയും കീഴിൽ രണ്ട് മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സബ്കളക്ടറുടെ ഓഫീസിന് മുമ്പിലായി ട്രിബ്യൂണലിന്റെ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നും ദേവികുളത്ത് ലഭിച്ചിട്ടുള്ള പരാതികളിൽ 45 എണ്ണത്തിന് തീർപ്പ് കൽപ്പിക്കുകയും 34 എണ്ണത്തിന് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ട്രിബ്യൂണലുമായി ബന്ധപ്പെട്ട് അദാലത്തുകൾ സംഘടിപ്പിച്ചിട്ടില്ലെന്നും മുതിർന്ന പൗരന്മാരിൽനിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് ഉടനടി പരിഹാരമുണ്ടാക്കുന്നതിന് ശ്രമിച്ചിട്ടുണ്ടെന്നും ജില്ലാ സോഷ്യൽ ജസ്റ്റീസ് ഓഫീസർ അറിയിച്ചു.

25. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ട്രിബ്യൂണലുകളെ സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചാൽ മാത്രമേ ഇത്തരത്തിലൊരു സംവിധാനം നിലവിലുണ്ടെന്ന് മനസ്സിലാക്കുന്നതിനും ആവശ്യക്കാർക്ക് സമീപിക്കുന്നതിനും സാധിക്കുകയുള്ളൂവെന്ന് സമിതി കരുതുന്നു. ആയതിനാൽ പഞ്ചായത്ത് ഓഫീസുകളിലും മുനിസിപ്പാലിറ്റികളിലും വില്ലേജ് ഓഫീസുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകളെ സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ബോർഡുകൾ മലയാളത്തിൽ സാധാരണ ജനങ്ങൾക്ക് വായിച്ച് മനസ്സിലാക്കുവാൻ സാധിക്കുന്ന വിധത്തിലും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

26. ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ, പകൽ പരിപാലനകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം, അവയുടെ ആവർത്തന ചെലവുകൾക്ക് സാമൂഹ്യക്ഷേമ വകുപ്പുവഴി തുക അനുവദിക്കുന്ന പദ്ധതി പ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ, ഇതിനായി അനുവദിച്ച തുക എന്നിവയുടെ വിശദാംശം സമിതി ആരാഞ്ഞു. പാമ്പാടുംപാറ, അച്ചൻകോവിൽ, കുമരമംഗലം, വെള്ളിയാമറ്റം തുടങ്ങിയ പഞ്ചായത്തുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക്/പരിപാലന കേന്ദ്രങ്ങൾക്ക് അനുമതിയുണ്ടെങ്കിലും അവയ്ക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്നും 2013-14-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഇതിന് പരിഹാരമുണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. അനുമതി ലഭിച്ച വൃദ്ധസദനങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തുകൾ ശേഖരിക്കണമെന്നും അവിടെ ആവശ്യമായ പരിശോധനകൾ നടത്തണമെന്നും അടിസ്ഥാന സൗകര്യങ്ങളും സാനിറ്റേഷൻ സൗകര്യവും ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28. സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് 550 രൂപ വീതം ഗ്രാന്റ് നൽകുന്നുണ്ടെന്നും അവിടെ ആവശ്യമായ പരിശോധന നടത്താറുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയുടെ മറ്റൊരു ചോദ്യത്തിന്

മറുപടി നൽകി. സ്വകാര്യ വൃദ്ധസദനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അനുമതിയോടെ മാത്രമെ ഗ്രാന്റ് നൽകാൻ പാടുള്ളു എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശം കണക്കിലെടുത്ത് സർക്കാരിന്റെ അനുമതി മുൻകൂട്ടി വാങ്ങി ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

29. വയോജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന വയോജന പെൻഷൻ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി എന്നിവ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിനുത്തര മായി ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തൊഴികെ മറ്റെല്ലാ പഞ്ചായത്തുകളിലും സാമൂഹ്യക്ഷേമ പെൻഷൻ നൽകിവരുന്നുണ്ടെന്നും ഇടമലക്കുടി പഞ്ചായത്തിൽ ഈ വർഷംതന്നെ ഇത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ഇടമലക്കുടി പഞ്ചായത്താഫീസ് ദേവികുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്നതിനാൽ മുതിർന്ന പൗരൻമാർക്കും ജനപ്രതിനിധികൾക്കും അവരുടെ ആവശ്യങ്ങൾക്കായി പഞ്ചായത്താഫീസിൽ എത്തുവാൻ വളരെ ബുദ്ധിമുട്ട് നേരിടുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇടമലക്കുടി പഞ്ചായത്താഫീസ് ഇടമലക്കുടിയിൽത്തന്നെ പ്രവർത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ എത്രയും പെട്ടെന്ന് ഒരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

30. വയോജനങ്ങൾക്കുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും എന്തൊക്കെ യാണെന്നും അവർ അതിന് എങ്ങനെയാണ് സമീപിക്കേണ്ടതെന്നും വ്യക്തമാക്കുന്ന ബോർഡുകൾ എല്ലാ പഞ്ചായത്താഫീസുകളിലും പ്രദർശിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. വയോമിത്രം പദ്ധതി നിലവിൽ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനു കളിലും മാത്രമാണ് നടപ്പാക്കുന്നതെന്നും പഞ്ചായത്തുകളിൽ നടപ്പിലാക്കിത്തുടങ്ങിയി ട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. വയോമിത്രം പദ്ധതി പഞ്ചായത്തുകളിൽകൂടി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. വയോജനങ്ങൾക്കുള്ള മൊബൈൽ മെഡികെയർ യൂണിറ്റ്, വൃദ്ധസദനങ്ങൾ എന്നിവ നടത്തുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നതിനായി ജില്ലയിലെ സന്നദ്ധ സംഘടനകളിൽനിന്നും അപേക്ഷയൊന്നും ലഭിച്ചിട്ടില്ലെന്നും എന്നാൽ ഇവയ്ക്ക് സ്റ്റേറ്റ് ഗവൺമെന്റ് സ്കീമിൽ ഗ്രാന്റ് നൽകുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി യുടെ ചോദ്യത്തിന് മറുപടി നൽകി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭിക്കുന്ന, വയോജനങ്ങൾക്കായുള്ള പദ്ധതികൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തണമെന്നും പ്രസ്തുത പദ്ധതികൾ വയോജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

33. കേന്ദ്ര സഹായത്തോടുകൂടി വൃദ്ധജനങ്ങൾക്കുവേണ്ടി ജില്ലയിൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം നടക്കുന്നുണ്ടെന്നും പ്ലാൻ ഫണ്ടിൽനിന്നും അതിനാവശ്യമായ തുക ലഭിക്കുന്നുണ്ടെന്നും പീരുമേട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ രണ്ട് ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആയതിന് ഏകദേശം രണ്ടരലക്ഷം രൂപ ചെലവായിയെന്നും കൂടാതെ താലൂക്ക് ആശുപത്രിയിൽ സീനിയർ സിറ്റിസൺസിനുവേണ്ടി

പ്രത്യേകം ഒ.പി. കൗണ്ടർ സ്ഥാപിച്ചിട്ടുണ്ടെന്നും അവർക്കായി പ്രത്യേക ക്യാബിൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രത്യേകം ക്യൂ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പാലിയേറ്റീവ് കെയർ യൂണിറ്റും മൊബൈൽ യൂണിറ്റും പ്രവർത്തിക്കുന്നുണ്ടെന്നും മൊബൈൽ യൂണിറ്റുകൾ അതാത് മേഖലകളിൽ ഓരോ മാസവും ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. വൃദ്ധസദനങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. ഇടുക്കി ജില്ലയിലെ വൃദ്ധസദനസന്ദർശനത്തിന്റെ ഭാഗമായി സമിതി കുമളിയിലെ അസീസി സ്നേഹാശ്രമം സന്ദർശിക്കുകയും ചുമതലയുള്ളവരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. 2001-ൽ ആരംഭിച്ച അസീസി സ്നേഹാശ്രമത്തിൽ നൂറ്റിയെൺപതോളം അന്തേവാസികൾക്ക് താമസിക്കുന്നതിന് സൗകര്യമുണ്ടെങ്കിലും നിലവിൽ 70 പുരുഷന്മാരും 29 സ്ത്രീകളുമടക്കം മൊത്തം 99 പേരാണുള്ളതെന്നും ഒരു മുറിയിൽ എത്ര അന്തേവാസികളെ താമസിപ്പിക്കണമെന്ന് തീരുമാനിക്കുന്നത് മുറിയുടെ വലിപ്പമനുസരിച്ചാണെന്നും മുറികളിൽ കിടക്കുന്നതിനാവശ്യമായ കട്ടിലുകളും മുറികളോടനുബന്ധമായി ടോയ്‌ലറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും മദർ സുപ്പീരിയർ അറിയിച്ചു.

35. അന്തേവാസികളുടെ വിഭാഗത്തിൽ വൃദ്ധരും വികലാംഗരും മാനസികരോഗമുള്ളവരും ഉൾപ്പെടുന്നുണ്ടെന്നും ആവശ്യപ്പെടുന്നതനുസരിച്ച് പീരുമേട്ടിൽനിന്നും മൊബൈൽ മെഡിക്കൽ യൂണിറ്റ് വന്നാണ് ആവശ്യമായ വൈദ്യസഹായം നൽകുന്നതെന്നും മാനസികരോഗമുള്ളവരെ ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യം ലഭ്യമല്ലെന്നും അവിടെവച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്താറില്ലെന്നും കൂടാതെ രണ്ടോ മൂന്നോ മാസത്തിലൊരിക്കലാണ് സൈക്ക്യാട്രിസ്റ്റ് വരുന്നതെന്നും സമിതി മനസ്സിലാക്കി. വൃദ്ധസദനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്നും മൂന്നു മാസത്തിലൊരിക്കലെങ്കിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും സൈക്യാട്രിസ്റ്റ് മാസത്തിലൊരിക്കലെങ്കിലും അന്തേവാസികളെ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

36. അസീസി സ്നേഹാശ്രമത്തിന് സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നുണ്ടെന്നും രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞാൽ പുതിയ ഗ്രാന്റിനായി അപേക്ഷിക്കുവാൻ സാധിക്കുമെന്നും കൂടുതൽ തുക ഗ്രാന്റായി ലഭിക്കുമെന്നും സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിലാണ് സ്ഥാപനം പ്രവർത്തിക്കാൻ പോകുന്നതെന്നും സർക്കാരിൽനിന്നും 250 രൂപ നിരക്കിലാണ് ഗ്രാന്റ് നൽകിവന്നിരുന്നതെന്നും നടപ്പുവർഷം മുതൽ അത് 550 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്നതിന് ഏകദേശം 5,000 രൂപയോളം ചെലവാകുമെന്നും പൊതുജനങ്ങളിൽ നിന്നോ സന്നദ്ധസംഘടനകളിൽനിന്നോ പ്രത്യേകിച്ച് സഹായമൊന്നും ലഭിക്കുന്നില്ലെന്നും അന്തേവാസികൾക്ക് ക്രിയാത്മകമായ ജോലികളിൽ ഏർപ്പെടുന്നതിനായി കോഴിയെ വളർത്തുന്നതിനുള്ള ശ്രമം ആരംഭിച്ചെങ്കിലും വേണ്ടത്ര ഉത്തരവാദിത്വം കാണിക്കാത്തതിനാൽ ഉപേക്ഷിക്കേണ്ടതായി വന്നുവെന്നും സ്നേഹാശ്രമത്തിന് സ്വന്തമായി വാഹനമില്ലെന്നും അന്തേവാസികളെ ആശുപത്രിയിൽകൊണ്ടുപോകേണ്ട ആവശ്യം നേരിട്ടാൽ കട്ടപ്പനയിൽനിന്നും വാഹനം വിളിപ്പിക്കുകയാണ് ചെയ്യാറുള്ളതെന്നും മദർ സുപ്പീരിയർ വ്യക്തമാക്കി.

37. നാല് കന്യാസ്ത്രീകൾ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടെന്നും അടുക്കള ജോലി ചെയ്യുന്നതിന് സ്ഥിരമായി ഒരു പെൺകുട്ടിയുണ്ടെന്നും അന്തേവാസികളെ ശുചിയാക്കുന്നതും മറ്റും പുറത്തുനിന്നുമുളളവരാണെന്നും അന്തേവാസികൾക്ക് ടി.വി., റേഡിയോ എന്നിവ കാണുന്നതിനും കേൾക്കുന്നതിനും പത്രങ്ങൾ, മാസികകൾ തുടങ്ങിയവ വായിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മദർ സുപ്പീരിയർ സമിതിയെ അറിയിച്ചു. അന്തേവാസികളുടെ ദൈനംദിന ചെലവുകൾക്കായി 2011-12 വർഷത്തിൽ 98,847 രൂപയും 2012-13 വർഷത്തിൽ 3,41,507 രൂപയും ഗ്രാന്റായി സർക്കാരിൽനിന്നും നൽകിയിട്ടുണ്ടെന്ന് സോഷ്യൽ ജസ്റ്റീസ് ഓഫീസർ അറിയിച്ചു. അന്തേവാസികളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ലെന്നും വീടുകളിൽനിന്നും വരുന്നവരാണ് അന്തേവാസികളെങ്കിൽ അവരുടെ ഫോട്ടോയും മറ്റു വിശദാംശങ്ങളും സൂക്ഷിക്കാറുണ്ടെന്നും തെരുവിൽ നിന്നുള്ളവരാണെങ്കിൽ അവരെ കൊണ്ടുവരുന്നവരുടെ വിശദാംശം വാങ്ങി സൂക്ഷിക്കാറുണ്ടെന്നും നേരത്തെ പഞ്ചായത്തിൽനിന്നും ഗ്രാന്റ് ലഭിച്ചിരുന്നെങ്കിലും ഇപ്പോൾ ലഭിക്കുന്നില്ലെന്നും മദർ സുപ്പീരിയർ വ്യക്തമാക്കി. പഞ്ചായത്ത് തലത്തിൽ ധനസഹായം നൽകുവാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രത്യേക പ്രോജക്ടായി സമർപ്പിച്ചാൽ മാത്രമേ അത് പരിഗണിക്കുവാൻ സാധിക്കൂ എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വൃദ്ധസദനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ച നിരവധി ഹർജികളിൻമേൽ വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച റിപ്പോർട്ടുകളിൽ നാൽപ്പത്തി ഒൻപത് റിപ്പോർട്ടുകൾ ഈ കാലയളവിൽ സമിതി അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുകയും ചെയ്തു. ഇരുപത്തിയാറ് ഹർജികളിൻമേൽ ലഭിച്ച റിപ്പോർട്ടുകളിൻമേൽ സമിതി ബന്ധപ്പെട്ട വകുപ്പിൽനിന്നും അധികവിവരം ആരാഞ്ഞിരിക്കുന്നു. സമിതി ഇക്കാലയളവിൽ തീർപ്പാക്കിയ ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം I-ലും സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ ഇതുവരെ പരിഹൃതമാകാത്ത ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം II-ലും ഉൾപ്പെടുത്തിയിരിക്കുന്നു.

39. മുതിർന്ന പൗരൻമാരായ സ്ത്രീകൾക്കും പുരുഷൻമാർക്കും 10% വീതം സീറ്റുകൾ ട്രാൻസ്പോർട്ട് ബസ്സുകളിൽ സംവരണം ചെയ്യണമെന്ന സമിതിയുടെ പ്രത്യേക ശുപാർശ നടപ്പാക്കി 13-2-2013-ലെ G.O. (P) No. 11/2013/Tran. എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സമിതിയുടെ ഒരു സുവർണ്ണ നേട്ടമായി എടുത്തു പറയാവുന്നതാണ് (അനുബന്ധം III).

സമിതി പരിഗണിക്കുകയും സർക്കാരിൽനിന്ന് നടപടി ആവശ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് പരിഹരിക്കപ്പെട്ട ചില പരാതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

(1) അധികൃതരുടെ അനാസ്ഥകാരണം അർഹതപ്പെട്ട പെൻഷൻ ലഭിക്കാത്തതിൽ നടപടി ആവശ്യപ്പെട്ട് ശ്രീ. സി. ജെ. ജേക്കബ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11751/സി.ഡബ്ല്യു.എസ്. സി1/11/നി.സെ.)

40. പുന്നയൂർക്കുളം സർവ്വീസ് സഹകരണ ബാങ്കിൽനിന്നും സെക്രട്ടറി തസ്തികയിൽ 31 വർഷത്തെ സേവനത്തിനു ശേഷം 30-4-1993-ൽ വിരമിച്ച ഹർജിക്കാരന് 24-3-2003-ലെ ജി.ഒ. (പി) 58/03 നമ്പർ ഉത്തരവുപ്രകാരം പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നതിനാൽ കോഡ് നമ്പർ ലഭിക്കുന്നതിനായി, ബാങ്ക് സെക്രട്ടറി 12-9-2003-ൽ സഹകരണ പെൻഷൻ ബോർഡിൽ അപേക്ഷ നൽകിയെങ്കിലും വെരിഫിക്കേഷൻ ഓഫീസർ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച്, അപേക്ഷ സമയ ബന്ധിതമായി പെൻഷൻ ബോർഡിൽ നൽകുന്നതിനും തുടർഅന്വേഷണം നടത്തുന്നതിനും ബാങ്ക് അധികൃതർ വീഴ്ച വരുത്തിയതിനാൽ ഹർജിക്കാരന് അർഹതപ്പെട്ട പെൻഷൻ ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.

41. വിവിധ കാരണങ്ങളാൽ നിശ്ചിത തീയതിക്കകം അപേക്ഷ സമർപ്പിക്കാത്ത ജീവനക്കാർക്ക് ഒരു അവസരംകൂടി നൽകുന്നതിനായി 9-8-2011-ലെ ജി.ഒ. (പി) 105/2011/സഹ. ഉത്തരവുപ്രകാരം, ഉത്തരവ് തീയതി മുതൽ ഒരുവർഷം സമയം അനുവദിക്കുകയും, ശ്രീ. സി. ജെ. ജേക്കബിന്റെ പെൻഷൻ അപേക്ഷ 8-2-2012-ലെ കത്തുവഴി ബോർഡിൽ ലഭിക്കുകയും 9-3-2012 തീയതിയിലെ ഭരണസമിതി യോഗ തീരുമാനപ്രകാരം 1-1-2012 മുതൽ മിനിമം പെൻഷനായ 600 രൂപ അനുവദിച്ചു നൽകുകയും ചെയ്തുവെന്നും, മിനിമം പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിച്ചതിനാൽ ശ്രീ. സി. ജെ. ജേക്കബിന് 1,000 രൂപ പ്രതിമാസ പെൻഷനും 400 രൂപ മെഡിക്കൽ അലവൻസും അനുവദിച്ചിട്ടുണ്ടെന്നും സഹകരണ വകുപ്പ് സമിതിയെ അറിയിച്ചു.

(2) വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. ജി. ജനാർദ്ദനൻപിള്ള സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11952/സി.ഡബ്ല്യു.എസ്. സി2/11/നി.സെ.)

42. കൃഷിപ്പണി ചെയ്ത് ജീവിക്കുന്ന 85 വയസ്സുകാരനായ ഹർജിക്കാരനും ഭാര്യയും നിത്യചെലവിനു പോലും ബുദ്ധിമുട്ടുന്നതിനാൽ ഹർജിക്കാരന് വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.

43. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരന് 1-5-2012 മുതൽ പ്രാബല്യത്തോടെ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുകയും (പെൻഷൻ ID-102380201459) 5/12 മുതൽ 8/12 വരെയുള്ള 1,600 രൂപ മണി ഓർഡർ ആയി 25-8-2012-ന് നാവായിക്കുളം ഗ്രാമപഞ്ചായത്തിൽനിന്നും അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു.

(3) വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിനായി ശ്രീ. എം. യേശുദാസൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15441/സി.ഡബ്ല്യു.എസ്. സി2/11/നി.സെ.)

44. ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ ചിലമ്പാ വാർഡിൽ 15 വർഷമായി അനുവദിച്ച വിവിധ ആനുകൂല്യങ്ങളുടെ ലിസ്റ്റിന്റെയും ആയതിൻപ്രകാരം ഗുണഭോക്താക്കൾ ഹാജരാക്കിയ രേഖകളുടേയും പകർപ്പുകൾ വിവരാവകാശനിയമ പ്രകാരം ആവശ്യപ്പെട്ടിട്ടും പഞ്ചായത്ത് സെക്രട്ടറി നൽകിയില്ലെന്നും കോടതി ഉത്തരവും ഉന്നതാധികാരികളുടെ ഉത്തരവും പാലിക്കാത്ത സെക്രട്ടറിയെ പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

45. ഹർജി വിഷയത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ, വിവരാവകാശ കമ്മീഷന്റെ ഉത്തരവുപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളും പകർപ്പുകളും കൈപ്പറ്റുവാൻ ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ ഹർജിക്കാരൻ 16-8-2011-ന് കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു.

(4) പാചകവാതക സിലിണ്ടർ ലഭിക്കുന്നതിന് താമസം നേരിടുന്നതിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സി. നാരായണൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11759/സി.ഡബ്ല്യു.എസ്. സി1/11/നി.സെ.)

46. ഹർജിക്കാരന് രണ്ട് പാചകവാതക സിലിണ്ടർ അനുവദിച്ചിട്ടുണ്ടെങ്കിലും രണ്ട് സിലിണ്ടറും ഒഴിഞ്ഞാലും 15 ദിവസങ്ങൾകൂടി കഴിഞ്ഞാൽ മാത്രമേ സിലിണ്ടർ ലഭിക്കുകയുള്ളൂവെന്നും, പാചകവാതകമുണ്ടെന്ന കാരണത്താൽ മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നില്ലെന്നും, പാചകവാതകം കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്നും ആയിരുന്നു ഹർജിയിലെ ആവശ്യം.

47. പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർ മുഖേന അന്വേഷണം നടത്തിയതിൽ, പാചകവാതക വിതരണത്തിനായി 42-43 ദിവസത്തെ കാലതാമസം സംഭവിച്ചത് ഹർജിക്കാരന് പാചകവാതകം വിതരണം ചെയ്തിരുന്ന ഗ്യാസ് ഏജൻസിയിൽ, ടെർമിനേറ്റ് ചെയ്ത മറ്റൊരു ഗ്യാസ് ഏജൻസി ചേർത്തതുമൂലം ഉപഭോക്താക്കളുടെ എണ്ണം കൂടിയതിനാലാണെന്നും ഇപ്പോൾ ഒരു മാസത്തിനുള്ളിൽതന്നെ വിതരണം നടക്കുന്നുണ്ടെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിക്കുകയുണ്ടായി.

(5) വസ്തുവിന്റെ കുടിശ്ശികയായ കരം സ്വീകരിക്കാത്തതിൽ നടപടി ആവശ്യപ്പെട്ട് ശ്രീ. സുരേന്ദ്രൻ പാറാമ്പലത്ത് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14538/സി.ഡബ്ല്യു.എസ്. സി1/11/നി.സെ.)

48. കോഴിക്കോട് താലൂക്കിലെ ചേവായൂർ വില്ലേജിൽ ഉൾപ്പെട്ട 3½ സെന്റ് വസ്തുവിന്റെ കരം അടയ്ക്കുന്നതിനായി നിരവധി തവണ ചേവായൂർ വില്ലേജ് ഓഫീസറെ സമീപിച്ചെങ്കിലും പലവിധ കാരണങ്ങൾ പറഞ്ഞ് നികുതി സ്വീകരിക്കാതെ മടക്കി അയച്ചുവെന്നും കരം സ്വീകരിക്കുന്നതിന് നടപടിയെടുക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

49. പ്രസ്തുത ഹർജിയിൻമേൽ റവന്യൂ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ പ്രസ്തുത വസ്തു ഏഴു വർഷത്തിൽ കൂടുതൽ നികുതി കുടിശ്ശികയുള്ള ഭൂമി ആയതിനാൽ നിലവിൽ ഭൂമി, അപേക്ഷകന്റെ കൈവശത്തിൽ തന്നെയാണോ എന്ന് ഉറപ്പുവരുത്തുന്നതിനായി അസ്സൽ ആധാരം ചേവായൂർ വില്ലേജാഫീസർ ആവശ്യപ്പെട്ടി രുന്നുവെന്നും, പ്രസ്തുത രേഖകൾ അപേക്ഷകൻ ഹാജരാക്കിയതിനെത്തുടർന്ന് കുടിശ്ശികസഹിതം നികുതി സ്വീകരിക്കുവാൻ കോഴിക്കോട് തഹസിൽദാർ ഉത്തരവ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

(6) എതിർകക്ഷികൾ അതിക്രമങ്ങളും വധഭീഷണിയും നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി റോസമ്മ തോമസ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12496/സി.ഡബ്ല്യു.എസ്. സി1/12/നി.സെ.)

50. 75 വയസ്സുള്ള വിധവയായ ഹർജിക്കാരി ആൺമക്കൾ സംരക്ഷിക്കാത്തതിനാൽ രണ്ടാമത്തെ മകൾക്കൊപ്പം താമസിക്കുമ്പോൾ, ഹർജിക്കാരിയുടെ ജീവിത ചെലവുകൾക്കായി ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുക തന്റെ പേരിലാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് മരുമകനായ ഒന്നാം എതിർകക്ഷി ദേഹോപദ്രവം ചെയ്തതായും, ഹർജിക്കാരിയുടെ അറിവും സമ്മതവുമില്ലാതെ ഹർജിക്കാരിയുടെ പേർക്ക് എ.ടി.എം. കാർഡിന് അപേക്ഷ നൽകുകയും, കള്ള ഒപ്പിട്ട് കാർഡ് കൈപ്പറ്റിയശേഷം ടിയാളുടെ അക്കൗണ്ടിൽനിന്നും 1,25,000 രൂപ പിൻവലിക്കുകയും ചെയ്തതായും ഹർജിയിൽ അറിയിച്ചിരുന്നു.

51. പ്രസ്തുത ഹർജിയിൻമേൽ ആഭ്യന്തര വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ, പരാതിയുടെ അടിസ്ഥാനത്തിൽ ഇരുകക്ഷികളെയും സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിക്കുകയും, ഒന്നാം എതിർകക്ഷി ഹർജിക്കാരിയുടെ അക്കൗണ്ടിൽനിന്നും പിൻവലിച്ച 1,25,000 രൂപയിൽ പരാതിക്കാരിയുടെ ചികിൽസയ്ക്കും മറ്റും ചെലവായ പണംകഴിച്ച് ബാക്കി പണം പരാതിക്കാരിക്ക് തിരിച്ചുകൊടുക്കുന്നതിനും, പരാതിക്കാരിയുടെ നികുതി അടച്ചതിന്റെ രസീതുകളും പാൻ കാർഡും ബാങ്കിൽനിന്നും പണം പിൻവലിച്ചതിന്റെ സ്റ്റേറ്റ്മെന്റുകളും പരാതിക്കാരിക്ക് തിരികെ കൊടുക്കുവാനും നിർദ്ദേശിച്ചിട്ടുള്ളതായും, എതിർകക്ഷികളുടെ ഭാഗത്തുനിന്നും പരാതിക്കാരിക്ക് യാതൊരു ഉപദ്രവവും ഉണ്ടാകാതിരിക്കുന്നതിന് എതിർകക്ഷികളെ താക്കീത് ചെയ്തിട്ടുണ്ടെന്നും അറിയിച്ചു.

(7) വയോജനങ്ങൾക്ക് സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജി. രാമകൃഷ്ണൻ നായർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11644/സി.ഡബ്ല്യു.എസ്. സി1/11/നി.സെ.)

52. വയോജനങ്ങൾക്ക് സൗജന്യമായോ സൗജന്യ നിരക്കിലോ ജീവൻരക്ഷാ മരുന്നുകളും ആയുർവേദ മരുന്നുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയോ, സർക്കാർ ആശുപത്രികൾ മുഖേനയോ ലഭ്യമാക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം.

53. ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ, എല്ലാ ജില്ലാ ആശുപത്രികളിലും 10 ബെഡ്ഡുകൾ വീതം പുരുഷൻമാർക്കും സ്ത്രീകൾക്കും മാറ്റിവച്ചിട്ടുണ്ടെന്നും ആർ.എസ്.ബി.വൈ. പദ്ധതിപ്രകാരം കിടത്തി ചികിത്സ വേണ്ടിവരുന്ന മുതിർന്ന പൗരൻമാർക്ക് സഹായം ലഭ്യമാക്കുന്നുണ്ടെന്നും, ആർ.എസ്.ബി.വൈ. മുഖേനയും ജില്ലാ താലൂക്ക് ആശുപത്രി മുഖേനയും മുതിർന്ന പൗരൻമാർക്ക് മരുന്നുകളും ചികിത്സയും ലഭ്യമാക്കുന്നുണ്ടെന്നും, ഔട്ട്പേഷ്യന്റ് ചികിത്സയ്ക്കുള്ള മെഡിസിൻ, പാലിയേറ്റീവ് കെയർ എന്നിവ എൻ.സി.ഡി. പ്രോഗ്രാം മുഖേന ലഭ്യമാക്കുന്നുണ്ടെന്നും അറിയിച്ചു. കൂടാതെ മുതിർന്ന പൗരൻമാർക്ക് കാരുണ്യ പദ്ധതിപ്രകാരം ചികിത്സാ സഹായവും ഗവൺമെന്റ് ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും സൗജന്യ ചികിത്സയും നൽകിവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(8) വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. ശങ്കു വേലായുധൻ മുതൽപേർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16247/സി.ഡബ്ല്യു.എസ്. സി1/11/നി.സെ.)

54. ചേർത്തല പാണാവള്ളി ഗ്രാമപഞ്ചായത്ത് നിവാസികളായ ഹർജിക്കാർ വാർദ്ധകൃകാല പെൻഷൻ ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച് അഞ്ച് വർഷമായിട്ടും ഫലമുണ്ടായില്ലെന്നും, പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

55. ഹർജിയിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ, പ്രസ്തുത അപേക്ഷയിൻമേൽ ശ്രീ. ശങ്കു വേലായുധൻ ഉൾപ്പെടെ 5 പേരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തി അർഹതയുടെ അടിസ്ഥാനത്തിൽ പെൻഷൻ നല്കുന്നുണ്ടെന്നും, ഹർജിക്കാരിലൊരാളായ ശ്രീമതി സരോജിനിക്ക് വാർദ്ധകൃകാല പെൻഷൻ നല്കുന്നതിന് അർഹതയില്ലാത്തതിനാൽ വിധവാ പെൻഷൻ നൽകുന്നുണ്ടെന്നും അറിയിച്ചിരുന്നു.

(9) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ശ്രീമതി സരോജിനി, റ്റി, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12346/സി.ഡബ്ല്യു.എസ്. സി2/12/നി.സെ.)

56. മുതിർന്ന പൗരയും വികലാംഗയും പട്ടികജാതി സമുദായാംഗവുമായ ശ്രീമതി സരോജിനിക്ക് ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം ലഭിച്ച വീട്ടിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചപ്പോൾ പോസ്റ്റുകളിട്ട് കണക്ഷൻ ലഭ്യമാക്കുന്നതിനായി 20,000 രൂപ അടയ്ക്കണമെന്ന് നിർദ്ദേശം ലഭിച്ചതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ഊർജ്ജ വകുപ്പിൽനിന്നും റിപ്പോർട്ടാവശ്യപ്പെട്ടിരുന്നു. ഊർജ്ജ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരിയുടെ വീട്ടിലേക്ക് മയ്യനാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 14-3-2012-ൽ 14105 കൺസ്യൂമർ നമ്പറായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നറിയിച്ചു.

(10) അമിതനിരക്കിൽ ഓട്ടോ ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ശ്രീ. ശശിധരൻ, കെ. ജി. സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16159/സി.ഡബ്ല്യു.എസ്. സി2/12/നി.സെ.)

57. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലും പടിയൂർ പഞ്ചായത്തിലും അമിതനിരക്കിൽ ഓട്ടോറിക്ഷാ ചാർജ്ജ് വാങ്ങുന്നുവെന്നും മീറ്ററിൽ കൃത്രിമം കാട്ടിയും മീറ്ററില്ലാതെയും ഓട്ടോറിക്ഷാ സർവ്വീസ് നടത്തുന്നുവെന്നുമാരോപിച്ച് ശ്രീ. ശശിധരൻ, കെ. ജി., തൃശ്ശൂർ സമർപ്പിച്ച ഹർജിയിൻമേൽ ഗതാഗത വകുപ്പിൽനിന്നും റിപ്പോർട്ടാവശ്യപ്പെട്ടു.

58. ഗതാഗത വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ ഇരിങ്ങാലക്കുട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വരുന്ന എല്ലാ ഓട്ടോറിക്ഷകൾക്കും ഫെയർ മീറ്റർ നിർബന്ധമായും ഘടിപ്പിച്ചിട്ടുണ്ടെന്നും ഫെയർ മീറ്റർ ലീഗൽ മെട്രോളജി വകുപ്പ് ശരിയായി സീൽ ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുള്ളൂവെന്നും, വാഹന പരിശോധന നടത്തുന്ന സമയങ്ങളിൽ യാത്രക്കാരുമായി പോകുന്ന ഓട്ടോറിക്ഷകളിൽ ഫെയർ മീറ്റർ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടെന്നും വീഴ്ചവരുത്തുന്ന

വാഹനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ട് എഴുതി പിഴ ഈടാക്കാറുണ്ടെന്നും പ്രസ്തുത ഓട്ടോറിക്ഷകൾ ന്യൂനതകൾ പരിഹരിച്ചു എന്ന് ഉറപ്പാക്കിയശേഷമേ സർവ്വീസ് നടത്താൻ അനുവദിക്കാറുള്ളൂ എന്നും ഇരിങ്ങാലക്കുട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ റിപ്പോർട്ട് ചെയ്തതായി അറിയിച്ചു. കൂടാതെ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇപ്രകാരം നിയമലംഘനം കണ്ടെത്തിയ ഏകദേശം 40 ഓട്ടോറിക്ഷകൾക്കെതിരെ ഇരിങ്ങാലക്കുട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരവും, സർക്കാർ വിജ്ഞാപനങ്ങൾക്ക് വിരുദ്ധമായി യാത്രാനിരക്ക് വാങ്ങുന്ന ഓട്ടോറിക്ഷകൾക്കെതിരെ പ്രസ്തുത വാഹനത്തിന്റെ രജിസ്റ്റർ നമ്പർ, യാത്രാ തീയതി, സമയം എന്നിവ കാണിച്ച് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് പരാതി നൽകിയാൽ അതിനെപ്പറ്റി അന്വേഷിച്ച് അത്തരം ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടെന്നും ഇപ്രകാരമുള്ള നിയമസംവിധാനം ഹർജിക്കാരന് ആവശ്യമായ സമയത്ത് പ്രയോജനപ്പെടുത്താവുന്നതാണെന്ന വിവരവും ഗതാഗത വകുപ്പ് അറിയിച്ചു.

(11) മുതിർന്ന പൗരൻമാർക്ക് ബസ്സിൽ സീറ്റ് സംവരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ഭരത്കുമാർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20719/സി.ഡബ്ല്യു.എസ്. സി1/12/നി.സെ.)

59. മുതിർന്ന പൗരൻമാർക്ക് യാത്രാ ബസ്സുകളിൽ സംവരണം ചെയ്തിട്ടുള്ള 10 ശതമാനം സീറ്റ് അവർക്ക് ലഭിക്കുന്നതിനും ദീർഘദൂര സർവ്വീസുകൾ നടത്തുന്നവ ഉൾപ്പെടെയുള്ള എല്ലാ ബസ്സുകളിലും പ്രസ്തുത സംവരണം സംബന്ധിച്ച വിവരം നിശ്ചിത കാലാവധിക്കുള്ളിൽ രേഖപ്പെടുത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഹർജിയിൽ അപേക്ഷിച്ചിരുന്നു.

60. പ്രസ്തുത ഹർജി സംബന്ധിച്ച് ഗതാഗത വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ കേരളത്തിലെ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ്സുകളിൽ 20 ശതമാനം സീറ്റുകൾ വയോജനങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ടെന്നും മറ്റ് ഉയർന്ന ക്ലാസുകളിലുള്ള യാത്രാ ബസ്സുകളിൽ 5 ശതമാനം സീറ്റുകൾ വയോജനങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ടെന്നും ഇപ്രകാരം സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ കൃത്യമായി മാർക്ക് ചെയ്യുന്നതിനും വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, വാഹന പരിശോധനാ സമയത്ത് വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോഴും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വയോജനങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്കവിധത്തിൽ ബസ്സുകളിൽ എഴുതിവയ്ക്കുന്നതിനും യാത്രാവേളയിൽ ഈ സീറ്റുകൾ വയോജനങ്ങൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് കണ്ടക്ടർമാർ ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി. കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരൻമാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അവർക്കുതന്നെ ലഭിക്കുന്നതിനും ഇക്കാര്യത്തിൽ നിയമലംഘനം നടത്തുന്നവരുടെ ശിക്ഷ വ്യക്തമാക്കുന്ന നിയമപരമായ മുന്നറിയിപ്പ് ബോർഡ് എല്ലാ യാത്രാ ബസ്സുകളിലും സ്ഥാപിക്കുന്നതിനും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

(12) വിധവാ പെൻഷൻ അനുവദിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി എസ്. ശാന്തകുമാരി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 17292/സി.ഡബ്ല്യു.എസ്. സി1/12/നി.സെ.)

61. ഹർജിക്കാരി വിധവാ പെൻഷൻ ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചെങ്കിലും ആൺമക്കൾ ഉള്ളതിനാൽ അതിന് അർഹതയില്ലെന്നും, മക്കൾ അന്വേഷിക്കുന്നില്ലെന്ന് എഴുതിക്കൊടുത്താൽ അവസരം വരുമ്പോൾ പരിഹരിക്കാമെന്ന് അറിയിച്ചുവെന്നും തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷയുടെ പകർപ്പ് വച്ച് പരാതി നൽകിയെങ്കിലും നടപടിയൊന്നും സ്വീകരിച്ചില്ലെന്നും ഹർജിയിൽ അറിയിച്ചിരുന്നു.

62. ഹർജിയിൻമേൽ സാമൂഹ്യനീതി വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാരി വിധവാ പെൻഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച സമയം സർക്കാർ ഉദ്യോഗസ്ഥനായ മകന്റെ സംരക്ഷണയിൽ കഴിഞ്ഞുവരികയും ടിയാളുടെ കുടുംബ വാർഷിക വരുമാനം വിധവാ പെൻഷന് അനുവദനീയമായ വരുമാനപരിധി യേക്കാൾ കൂടുതലായതിനാൽ അപേക്ഷ നിരാകരിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ ഹർജിക്കാരിയുടെ മകൻ വിവാഹിതനായി കുടുംബത്തിൽനിന്നും മാറി താമസിച്ചതിനെത്തുടർന്ന് പെൻഷൻ അപേക്ഷ വീണ്ടും സമർപ്പിക്കുകയും പെൻഷന് അർഹതയുണ്ടെന്ന് കണ്ടതിനാൽ പഞ്ചായത്ത് കമ്മിറ്റി പെൻഷൻ പാസാക്കുകയും ചെയ്തിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു.

(13) സ്കൂൾ അധികൃതർ വിട്ടുനൽകിയ സ്ഥലം സഞ്ചാരയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ആർ. പുരുഷോത്തമൻ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11643/സി.ഡബ്ല്യു.എസ്. സി1/11/നി.സെ.)

63. തിരുവനന്തപുരം മണക്കാട് കാർത്തിക തിരുനാൾ ഹയർ സെക്കന്ററി സ്കൂളിനു മുൻവശത്തുള്ള രണ്ട് കെ.എസ്.ഇ.ബി. പോസ്റ്റുകൾ മാറ്റിസ്ഥാപിച്ച് റോഡ് ഗതാഗതയോഗ്യമാക്കണമെന്നും റോഡിന് വീതികൂട്ടുന്നതിനായി സ്കൂൾ അധികൃതർ വിട്ടുകൊടുത്തിട്ടുള്ള സ്ഥലം നിരപ്പാക്കി സഞ്ചാരയോഗ്യമാക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

64. ഹർജിയിൻമേൽ ഊർജ്ജ വകുപ്പിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ പ്രസ്തുത പോസ്റ്റുകൾ മാറ്റിസ്ഥാപിച്ചതായി അറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിൽ പരാതിയിൽ പറയുന്ന റോഡ് നിലവിൽ കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽപ്പെടുത്തി നവീകരണ പ്രവർത്തികൾ നടത്തിവരുന്ന റോഡാണെന്നും, സ്കൂളിനു മുൻവശത്തുള്ള റോഡ് ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ടാറിംഗ് പണി പൂർത്തിയായി കഴിഞ്ഞാലുടൻ രണ്ടു വശങ്ങളിലും കോൺക്രീറ്റ്തിട്ട നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് പൈപ്പുവഴി ഒഴുക്കിവിടുന്നതാണെന്നും, സ്കൂളിന്റെ മുൻവശത്ത് നടപ്പാതയും കൈവരിയും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സ്കൂൾ അധികൃതർ വിട്ടുനൽകിയ സ്ഥലത്ത് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരു ബസ്സ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നുണ്ടെന്നും അറിയിച്ചു.

## മുതിർന്ന പൗരൻമാർ വ്യക്തിപരമായും സമൂഹത്തിലും നേരിടേണ്ടി വരുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ സംബന്ധിച്ച് സമിതിയുടെ ശുപാർശകൾ താഴെ ഉൾപ്പെടുത്തുന്നു:

65. കേരള മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ്, 2009-ൽ ഉൾക്കൊണ്ടിരിക്കുന്ന മുതിർന്ന പൗരൻമാരുടെ ക്ഷേമത്തെ മുൻനിർത്തിയുള്ള വ്യവസ്ഥകൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് സമിതി അതീവ പ്രാധാന്യം കല്പിക്കുന്നു. ഈ ചട്ടങ്ങളിൽ മുതിർന്ന പൗരൻമാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുള്ള ആക്ഷൻ പ്ലാൻ ആഭ്യന്തര വകുപ്പിൽ വിവിധ തലങ്ങളിലായി നടപ്പാക്കേണ്ടതുണ്ട്. ചട്ടം 20-ലെ ഈ വ്യവസ്ഥകൾ സംസ്ഥാനത്തൊട്ടാകെ എല്ലാ സ്ഥലങ്ങളിലും പാലിക്കപ്പെടുന്നില്ല എന്ന പരാതി സമിതി മുമ്പാകെ ജില്ലാ സന്ദർശന വേളകളിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്നു. അതിനാൽ പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കണമെന്ന കർശന നിർദ്ദേശം വിവിധ തലങ്ങൾക്ക് നൽകണമെന്നും നിർദ്ദേശം കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പിൽ കാലാകാലങ്ങളിൽ ഇത് സംബന്ധിച്ച പരിശോധനയും അവലോകനവും നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

66. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'വയോമിത്രം' പദ്ധതിയിലൂടെ നടപ്പാക്കി വരുന്ന വയോജനങ്ങൾക്കായുള്ള 'ഹെൽപ്പ്ലൈൻ' സംവിധാനം സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളായ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്പോൾ ഈ സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിലുള്ള വയോജനങ്ങൾക്കുകൂടി പ്രയോജനം ലഭിക്കത്തക്കരീതിയിൽ സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും 'ഹെൽപ്പ്ലൈൻ' സംവിധാനം നടപ്പിലാക്കണമെന്നും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ വ്യാപകമായി അവബോധം സൃഷ്ടിക്കുന്നതിനായി ഇതിന്റെ വിശദവിവരം ബന്ധപ്പെട്ട പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

67. വാർദ്ധക്യകാല പെൻഷനുമായി ബന്ധപ്പെട്ട വിവിധ നടപടികൾ സാമൂഹ്യനീതി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളാണ് നടപ്പാക്കുന്നതെന്ന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽനിന്നുള്ള തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. ഒരേവിഷയത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള നടപടികൾ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന രീതി അഭികാമ്യമല്ലാത്തതിനാൽ അവ എല്ലാം ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ ക്രമീകരണം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

68. പുതിയ സാമൂഹ്യ സുരക്ഷാ സംരംഭങ്ങൾ എന്ന പദ്ധതിക്കായി വകയിരുത്തിയ തുകയിൽനിന്ന് വൃദ്ധരുൾപ്പെടെയുള്ളവരെ താമസിപ്പിക്കുന്നതിനുവേണ്ടി മുൻവർഷം തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾക്ക് മാത്രമാണ് തുക അനുവദിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. വരുംവർഷങ്ങളിൽ ഫണ്ടനുവദിക്കുമ്പോൾ സംസ്ഥാനത്തെ മറ്റു ജില്ലകളിലെ സ്ഥാപനങ്ങളെക്കൂടി പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

69. കർണ്ണാടക, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളിൽ അനുവദിക്കുന്നത് പോലെ സംസ്ഥാനത്ത് മുതിർന്ന പൗരൻമാർക്ക് ട്രാൻസ്പോർട്ട് ബസുകളിൽ യാത്രാക്കൂലിയിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യം സമിതി മുമ്പാകെ പലവട്ടം ഉയർന്ന് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് സമിതിക്ക് ലഭിച്ച പരാതിയിൻമേൽ സർക്കാരിൽനിന്ന് ലഭ്യമാക്കിയ റിപ്പോർട്ടിൽ (സർക്കാർ റഫറൻസ് നമ്പർ 4302/എ2/12/ഗതാ.) മുതിർന്ന പൗരൻമാർക്ക് സൗജന്യയാത്ര അനുവദിക്കുന്നവകയിൽ ഉണ്ടാകുന്ന നഷ്ടം സർക്കാർ മുൻകൂറായി സബ്സിഡൈസ് ചെയ്യുമെങ്കിൽ ആയത് അനുവദിക്കുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് എതിർപ്പില്ല എന്ന് അറിയിച്ചിരുന്നു. വയോജനങ്ങൾക്ക് കെ.എസ്.ആർ.ടി.സിയിൽ യാത്രാക്കൂലിയിൽ ഇളവ് അനുവദിക്കുന്നതിന് വരുന്ന അധികബാദ്ധ്യത കണക്കാക്കി ആയത് അഡീഷണൽ ഗ്രാന്റായി കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും മുതിർന്ന പൗരൻമാർക്ക് യാത്രാക്കൂലിയിൽ ഇളവ് അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

70. സംസ്ഥാനത്തെ തലസ്ഥാന നഗരമുൾപ്പെടെയുള്ള രാജ്യത്തെ 24 നഗരങ്ങളിൽ 'ഹെൽപ്പേജ് ഇന്ത്യ' എന്ന സ്ഥാപനം 66 വയസ്സിനു മുകളിലുള്ളവരിൽ നടത്തിയ വയോജനപീഡനം സംബന്ധിച്ച പഠനത്തെത്തുടർന്ന് മുതിർന്ന പൗരൻമാരിൽ നല്ലൊരു പങ്കും പീഡനങ്ങൾക്ക് ഇരയാകുന്നു എന്ന റിപ്പോർട്ട് പുറത്തുവന്നിരുന്നു. നിരന്തരമായ ബോധവൽക്കരണത്തിലൂടെയും സംഘടിത പ്രവർത്തനങ്ങളിലൂടെയും ഈ അവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനാകും എന്നതിനാൽ ഈ പ്രവണതയ്ക്കെതിരെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും നിരന്തരമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

71. ഒരു നേരത്തെ ആഹാരത്തിനുപോലും മാർഗ്ഗമില്ലാതെ തെരുവോരങ്ങളിൽ യാചനാവൃത്തിയിലേർപ്പെടുന്ന വൃദ്ധരായ ജനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഒരു പുതുമയുള്ള കാഴ്ചയല്ല. മാനസികവൈകല്യമുള്ളവരുൾപ്പെടെ അലഞ്ഞുതിരിഞ്ഞ് നടക്കുകയോ യാചകവൃത്തിയിലേർപ്പെടുകയോ ചെയ്യുന്ന മുതിർന്ന പൗരൻമാരെ കണ്ടെത്തി ആവശ്യമായ ചികിൽസ നൽകി അവരെ പുനരധിവസിപ്പിക്കുന്നതിന് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഒരു സംവിധാനം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

72. സന്നദ്ധരും യോഗ്യരുമായ യുവജനങ്ങൾക്ക് സൗജന്യമായി പാലിയേറ്റീവ് കെയർ പരിശീലനം നൽകുകയും സന്നദ്ധസംഘടനകളുടെ സഹായത്തോടെ സംസ്ഥാന മൊട്ടാകെ ഒരു പാലിയേറ്റീവ് കെയർ നെറ്റ്വർക്ക് സംവിധാനം ആരംഭിച്ച് പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള ശയ്യാവലംബികളായ വയോജനങ്ങളെ അവരുടെ വീടുകളിലെത്തി പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

73. ഭവനനിർമ്മാണ സഹായം, ചെറുകിട വ്യവസായ സംബന്ധമായ സഹായം, കാർഷിക സഹായം തുടങ്ങി സർക്കാർ നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മുതിർന്ന പൗരൻമാരിൽ അവിവാഹിതർ, കുട്ടികളില്ലാത്തവർ, വിധവകൾ/വിഭാര്യർ, വികലാംഗർ എന്നിവർക്ക് മുൻഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

74. മുതിർന്ന പൗരൻമാർക്ക് ബസ്സുകളിൽ സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ അവർക്ക് ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതായി സമിതിക്ക് ലഭ്യമാക്കിയ സർക്കാർ റിപ്പോർട്ടുകളിൽ അറിയിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടോയെന്ന് എല്ലാ റൂട്ടുകളിലും ഇടവിട്ടുള്ള മിന്നൽ പരിശോധനകളിലൂടെ ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

75. ബസ്സുകളിൽ മുൻവശത്ത് മുകളിൽമാത്രം റൂട്ട് രേഖപ്പെടുത്തുന്നതുമൂലം കാഴ്ചാവൈകല്യം ഏറെയുള്ള വയോജനങ്ങൾക്ക് അത് വായിച്ചു മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ വയോജനങ്ങളുടെ സൗകര്യാർത്ഥം ബസ് റൂട്ട് വലിയ അക്ഷരത്തിൽ രേഖപ്പെടുത്തിയ ബോർഡ് ബസ്സുകളിൽ വാതിലിനു സമീപംകൂടി സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

76. യാത്ര ചെയ്യാൻ ബുദ്ധിമുട്ടനുഭവിക്കുന്ന മുതിർന്ന പൗരൻമാർ ആവശ്യപ്പെടുന്നപക്ഷം അവരുടെ വീടുകളിലെത്തി ബ്ലഡ്, യൂറിൻ എന്നിവയുൾപ്പെടെയുള്ള പ്രാഥമിക പരിശോധനകൾ നടത്തുന്നതിനുള്ള ഒരു സംവിധാനം വയോമിത്രം പദ്ധതിവഴി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

77. സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഫീസുകളിലും വയോജനങ്ങൾക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും, ക്യൂ പാലിക്കേണ്ട എല്ലാ പൊതുസ്ഥലങ്ങളിലും വയോജനങ്ങൾക്കായി പ്രത്യേക ക്യൂ സമ്പ്രദായം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

78. മുതിർന്ന പൗരൻമാരുടെ അറിവും അനുഭവ സമ്പത്തും സമൂഹത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കത്തക്കരീതിയിലുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വരുമാനം ലഭിക്കുന്ന പ്രവർത്തികളിൽ ഏർപ്പെടുന്നതിന് താൽപ്പര്യമുള്ള മുതിർന്ന പൗരൻമാർക്ക് പ്രസ്തുത മേഖലയിൽ ആവശ്യമുള്ള പരിശീലനം നൽകുന്നതിനുമുള്ള ഒരു സംവിധാനം ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

79. വയോജനങ്ങൾക്ക് ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ ബോധവത്കരണം നൽകുന്നതിനായി കൃത്യമായ ഇടവേളകളിൽ ആരോഗ്യ സെമിനാറുകളും സൗജന്യ മെഡിക്കൽ ക്യാമ്പുകളും ജില്ലകൾതോറും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

80. മുതിർന്ന പൗരൻമാരെ ബഹുമാനിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് ഓരോ പൗരന്റെയും കടമയാണ്. വയോജനങ്ങളോട് ആദരപൂർവ്വം പെരുമാറണമെന്ന അറിവ് വിവിധ മാധ്യമങ്ങൾമുഖേന നൽകി സമൂഹത്തെ ബോധവത്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

81. മുതിർന്ന പൗരൻമാരുടെ അവശതകളും പരിമിതികളും മനസ്സിലാക്കി അവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. നിരവധി വയോജനങ്ങൾക്ക് നിത്യവും വിവിധ ആവശ്യങ്ങൾക്കായി പൊതുസ്ഥലങ്ങളിൽ ഏറെ സമയം ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. അതിനാൽ ആശുപത്രികൾ, ട്രഷറികൾ, ബസ്സ്റ്റേഷനുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മുതിർന്ന പൗരൻമാർക്കായി ഇരിപ്പിടങ്ങൾ സംവരണം ചെയ്യണമെന്നും കുടിക്കുവാനുള്ള വെള്ളം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

82. മുതിർന്ന പൗരൻമാർ വീട്ടിലും സമൂഹത്തിലും നിരവധി വിഷമതകൾ നേരിടേണ്ടി വരുന്നു. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതിനോടൊപ്പം വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വയോജന കമ്മീഷൻ രൂപീകരിക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

83. സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുന്നതിനും ഒരു പൊതുവേദി അനിവാര്യമാണ്. ഇതിനായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തലങ്ങളിൽ വയോജനവേദികൾ രൂപവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

84. ആരോഗ്യവകുപ്പിന്റെ സഹായത്താൽ തൊഴിൽ വകുപ്പ് നടപ്പാക്കിവരുന്ന ചിസ് കാർഡ് പദ്ധതിവഴി അനേകം ആളുകൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ശയ്യാവലംബരായ മുതിർന്ന പൗരൻമാർക്ക് പ്രസ്തുത കാർഡ് ലഭിക്കുന്നതിനായി നടത്തുന്ന ഫോട്ടോയെടുപ്പിന് ഹാജരാകാൻ കഴിയാത്തതിനാൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ചികിത്സാ സഹായം ഏറ്റവും ആവശ്യമുള്ള ശയ്യാവലംബരായ മുതിർന്ന പൗരൻമാർക്കുകൂടി ചിസ് കാർഡ് ലഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

 റ്റി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
2014 ജനുവരി 23.

അനുബന്ധം I

## ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| *ക്രമ നമ്പർ* | *ഹർജി വിഷയവും ഫയൽ നമ്പരും* |
|---|---|
| (1) | (2) |
| 1 | തനിക്കും കൊല്ലപ്പെട്ട അനുജന്റെ കുടുംബത്തിനും കുടുംബത്തിൽ നിന്നുള്ള അവകാശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബി. പി. സോമൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12110/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 2 | പുരയിടത്തിൽ വെള്ളം കെട്ടിനിൽക്കുന്നത് തടയുന്നതിനായി ശ്രീമതി അമ്മിണി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 14596/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 3 | വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിനും, പഞ്ചായത്ത് സെക്രട്ടറിയെ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതിനുമായി ശ്രീ. എം. യേശുദാസൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 15441/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 4 | രാഷ്ട്രീയ യാതനാ പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. പി. പി. കുമാരൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12438/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 5 | ഫ്ളാറ്റ് നിർമ്മാതാവ് വാഗ്ദാനം ചെയ്ത അനുബന്ധ സൗകര്യങ്ങൾ നൽകാത്തതിൽ പ്രതികരിച്ചതുമൂലമുള്ള, ടിയാന്റെ ഭീഷണിയിൽനിന്നും ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. കെ. സി. ജോണി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11686/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 6 | വസ്തുവിന്റെ കരം സ്വീകരിക്കാത്തതിൽ നടപടി ആവശ്യപ്പെട്ട് ശ്രീ. സുരേന്ദ്രൻ പാറാമ്പലത്ത് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 14538/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 7 | ഹൈക്കോടതിയിൽ നിന്നുള്ള സമൻസ് കൈപ്പറ്റാൻ പോസ്റ്റ് മാസ്റ്റർ അനുവദിക്കാത്തതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മുഹമ്മദ് ഷെറീഫ്, ചാവക്കാട് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16846/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |

| (1) | (2) |
|---|---|
| 8 | കേന്ദ്ര-സംസ്ഥാന പെൻഷനുകൾ ഒന്നും ലഭിക്കുന്നില്ലെന്നും ഏതെങ്കിലും ഒരു പെൻഷൻ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് അറിയിപ്പ് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. എച്ച്. എം. ഇബ്രാഹിം സേട്ട് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11762/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 9 | വസ്തുവിലേക്കുളള വഴി പുനഃസ്ഥാപിച്ച് കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി റ്റി. സരോജം സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11959/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 10 | ഹർജിക്കാരനും മക്കൾക്കുമെതിരെ എതിർകക്ഷി കളളക്കേസ് ഫയൽ ചെയ്തത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഹരിദാസൻ, പെരിങ്ങനാട് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 14895/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 11 | വീട് നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ട് ശ്രീമതി. രത്നമ്മ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 13421/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 12 | പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് നടത്തിയ ആൻജിയോപ്ലാസ്റ്റിക്ക് അധികതുക ഈടാക്കിയത് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. എം. ഷെറീഫ്, കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12091/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.) |
| 13 | മകളും മരുമകനും ദേഹോപദ്രവം ഏൽപ്പിക്കുന്നുവെന്നും ബാങ്കിലെ ഫിക്സഡ് ഡിപ്പോസിറ്റ് രസീത് കൈവശപ്പെടുത്തിയെന്നുമാരോപിച്ച് ശ്രീമതി പുഷ്പവല്ലി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12662/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 14 | നിക്ഷേപത്തുകയുടെ ഇരട്ടി വാഗ്ദാനം ചെയ്ത് 5 വർഷത്തിനുശേഷം നിക്ഷേപത്തുകമാത്രം മടക്കി നൽകിയ എറണാകുളം ലിസ് എന്ന സ്ഥാപനത്തിൽനിന്നും, വാഗ്ദാനം ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി ശ്രീ. ടി. കെ. പുരുഷോത്തമൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 13448/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |

| (1) | (2) |
|---|---|
| 15 | കള്ളക്കേസ് ചുമത്തി പീഡിപ്പിക്കുകയും കുറ്റവാളിയാക്കാൻ ശ്രമിക്കുകയും ചെയ്തവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി പി. ആർ. സരസ്വതി അമ്മ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12223/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 16 | അയൽവാസിയുടെ അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി എ. സുശീല സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11642/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 17 | അയൽവാസിയുടെ ഉപദ്രവങ്ങളിൽനിന്ന് മകനെ രക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. പി. കുഞ്ഞൂഞ്ഞ് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12090/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 18 | ബസ്സുകളിലെ ചവിട്ടുപടി ഉയർത്തി ഘടിപ്പിക്കുന്നതിനെതിരെ ശ്രീ. ശശിധരൻ, കെ. ജി. സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16161/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 19 | എതിർകക്ഷികൾ അതിക്രമങ്ങളും വധഭീഷണിയും നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി റോസമ്മ തോമസ് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12496/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.) |
| 20 | പാചകവാതക സിലിണ്ടർ ലഭിക്കുന്നതിന് താമസം നേരിടുന്നതിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സി. നാരായണൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11759/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 21 | കോഴിക്കോട് നഗരസഭയിൽ സ്ഥിരമായും ബദൽ തൊഴിലാളിയായും 34 വർഷം ജോലി ചെയ്തിട്ടും ഫുൾ പെൻഷൻ ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. എൻ. എം. ബാലകൃഷ്ണൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11958/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 22 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ തൃശ്ശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 15802/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 23 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. ജി. ജനാർദ്ദനൻപിള്ള സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11952/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |

| (1) | (2) |
|---|---|
| 24 | വാർദ്ധക്യകാല പെൻഷൻ ലഭിച്ചില്ലെന്ന് പരാതിപ്പെട്ട് ശ്രീ. വി. വി. ബാലൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 14322/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 25 | അയൽവാസികളുടെ കള്ളപ്പരാതികളിൽനിന്നും ഭീഷണിയിൽനിന്നും സംരക്ഷണമാവശ്യപ്പെട്ട് ശ്രീ. ഐപ്പ് പാറമേൽ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16163/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 26 | വീടിന് സമീപത്തെ തോടിന്റെ സൈഡ് കെട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. ശാന്തകുമാരി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12664/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 27 | അയൽവാസിയുടെ ഭീഷണിയിൽനിന്നും ഉപദ്രവത്തിൽനിന്നും ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീമതി കോമളം സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 17605/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 28 | അധികൃതരുടെ അനാസ്ഥകാരണം അർഹതപ്പെട്ട പെൻഷൻ ലഭിക്കാത്തതിൽ നടപടി ആവശ്യപ്പെട്ട് ശ്രീ. സി. ജെ. ജേക്കബ് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11751/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 29 | കടംകൊടുത്ത തുക തിരികെ ലഭിക്കുന്നതിനും ദേഹോപദ്രവം ഏൽപ്പിച്ചവർക്കെതിരെ നടപടിയെടുക്കുന്നതിനും വേണ്ടി ശ്രീ. കെ. മാധവൻ നായർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12224/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 30 | മകന് കടംകൊടുത്ത തുക തിരികെ ലഭിക്കുന്നതിനായി ശ്രീ. എം. എ. സുബ്രഹ്മണ്യൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12290/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 31 | അയൽവാസി അസഭ്യം പറയുന്നതിനെതിരെ ശ്രീ. പി. ഡി. രവീന്ദ്രൻ നായർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11581/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 32 | കാട്ടുതേനീച്ചയെ അകറ്റുന്നതിനുള്ള മരുന്ന് കണ്ടുപിടിച്ചതിന് അവാർഡും പെൻഷനും അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഉക്രുക്കുട്ടി, കൊള്ളന്നൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11693/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |

| (1) | (2) |
|---|---|
| 33 | വീടും പറമ്പും ലേലംചെയ്യാനുള്ള നടപടി ഒഴിവാക്കിനൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജൻ, പാലക്കാട് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11517/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.) |
| 34 | ഭർത്താവിന്റെ പേരിലുള്ള സ്വത്ത്, അവകാശികളുടെ സമ്മതമില്ലാതെ കൈമാറ്റം ചെയ്തെന്നാരോപിച്ച് ശ്രീമതി മാധവി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12482/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 35 | മാതാവിന്റെ പേരിലുള്ള സ്വത്തിൽ അവകാശപ്പെട്ട വിഹിതം ലഭിക്കുന്ന തിനായി ശ്രീ. മുഹമ്മദ് ഷെറീഫ്, കെ. എ. സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16030/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 36 | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ശ്രീമതി സരോജിനി, റ്റി. സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12346/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 37 | വയോജനങ്ങൾക്ക് സൗജന്യനിരക്കിൽ മരുന്ന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജി. രാമകൃഷ്ണൻ നായർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11644/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 38 | വീട് പണിയുന്നതിനുള്ള മണൽ ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. കെ. നമശിവായൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 15787/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 39 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. ശങ്കുവേലായുധൻ മുതൽപേർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16247/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 40 | തമിഴ്നാട് സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യസമര സേനാനി പെൻഷൻ കേരള സർക്കാർ ഏറ്റെടുത്ത് നൽകണമെന്നും വീടുപണിയാൻ സഹായം നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. വി. ശ്രീകുമാർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12665/സസി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 41 | സ്കൂൾ അധികൃതർ വിട്ടുനൽകിയ സ്ഥലം സഞ്ചാരയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ആർ. പുരുഷോത്തമൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11643/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |

| (1) | (2) |
|---|---|
| 42 | നിലത്തെഴുത്താശാൻമാർക്ക് അനുവദിച്ച പെൻഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സി. കെ. ആനന്ദവല്ലിയമ്മ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 11858/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.) |
| 43 | വിധവാ പെൻഷൻ അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി എസ്. ശാന്തകുമാരി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 17292/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.) |
| 44 | ശമ്പളകുടിശ്ശിക ലഭിക്കുന്നതിനായി ശ്രീ. പി. കെ. രാഘവൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16157/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 45 | മുതിർന്ന പൗരൻമാർക്ക് ബസ്സിൽ സീറ്റ് സംവരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ഭരത്കുമാർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 20719/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.) |
| 46 | യാത്രക്കാരിൽനിന്നും അമിതനിരക്കിൽ ഓട്ടോച്ചാർജ്ജ് വാങ്ങുന്നത് സംബന്ധിച്ച് ശ്രീ. ശശിധരൻ, കെ. ജി. സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16159/സി.ഡബ്ല്യു.എസ്.സി2/2012/നി.സെ.) |
| 47 | വീടുനമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി ലഭിച്ചിട്ടില്ലെന്നും കരമടയ്ക്കാൻ കഴിയുന്നില്ലെന്നും പരാതിപ്പെട്ട് ശ്രീ. ബി. ബാലചന്ദ്രൻ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 12839/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.) |
| 48 | സ്വന്തം വസ്തുവിൽനിന്നും മണ്ണുനീക്കുന്നത് എതിർകക്ഷിയും പോലീസുകാരും തടസ്സപ്പെടുത്തുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. പി. എൽ. ദേവസ്സി സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16165/സി.ഡബ്ല്യു. എസ്.സി1/2012/നി.സെ.) |
| 49 | എതിർകക്ഷികൾ വഴിതടസ്സം സൃഷ്ടിക്കുന്നതിനും ഭീഷണിപ്പെടുത്തുന്നതിനുമെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. ബാലകൃഷ്ണപണിക്കർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16158/സി.ഡബ്ല്യൂ.എസ്.സി1/2012/നി.സെ.) |

## അനുബന്ധം II

## സമിതിയുടെ പരിഗണനയിലുള്ള ഹർജികൾ
## (സർക്കാരിൽ നിന്ന് റിപ്പോർട്ട് ലഭിക്കാത്തവ)

| *ക്രമ നമ്പർ* | *ഹർജി വിഷയവും ഫയൽ നമ്പരും* | *റഫറൻസ്* നമ്പർ |
|---|---|---|
| (1) | (2) | (3) |
| | **സാമൂഹ്യനീതി വകുപ്പ്** | |
| 1 | മുതിർന്ന പൗരൻമാർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി ശ്രീ. കെ. കൃഷ്ണൻ കുട്ടി.<br>(ഫ. ന. 11754/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 2721/സി3/11/സാക്ഷേവ. തീയതി 12-12-2011 |
| 2 | മാറിയ കാലഘട്ടത്തിൽ കേരളത്തിലെ മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിന് അനിവാര്യമായ ഒരു സാമൂഹ്യക്ഷേമ പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശവുമായി ശ്രീ. പി. വി. എസ്. പിള്ള<br>(ഫ. നം. 14489/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 12522/സി3/11/സാക്ഷേവ. തീയതി 23-11-2011 |
| 3 | സമിതിയുടെ പ്രഥമ റിപ്പോർട്ടിലെ ശുപാർശ കളിന്മേലുള്ള നടപടി<br>(ഫ.നം. 12387/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 10192/സി2/12/സാനീവ. തീയതി 6-3-2013 |
| 4 | എല്ലാ വിഭാഗം പെൻഷൻകാർക്കും തുല്യ തുക ലഭിക്കുന്നതിനായി ശ്രീ. കെ. എം. രാമദാസ്<br>(ഫ.നം. 17151/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 460/സി1/12/സാക്ഷേവ. തീയതി 13-1-2012 |
| 5 | ചാക്ക വൃദ്ധസദന സന്ദർശനത്തിനോടനുബന്ധിച്ച സമിതി ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്<br>(ഫ.നം. 12589/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | 3401/സി3/12/സാക്ഷേവ. തീയതി 6-3-2012 |
| 6 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺസ് സർവ്വീസ് സൊസൈറ്റി, തിരുവനന്തപുരം സെക്രട്ടറിയും പ്രസിഡന്റും സമർപ്പിച്ച ഹർജി<br>(ഫ.നം. 11433/സി.ഡബ്ല്യൂ.എസ്.സി2/13/നി.സെ.) | .. |

| (1) | (2) | (3) |
|---|---|---|
| 7 | മക്കളിൽനിന്ന് സഹായം ലഭിക്കുന്നതിനായി ശ്രീമതി. പി. സരസമ്മ<br>(ഫ. നം. 13371/സി.ഡബ്ല്യൂ.എസ്.സി2/13/നി.സെ.) | .. |
| 8 | വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. കെ. രാജൻ സമർപ്പിച്ച ഹർജി<br>(ഫ. നം. 15427/സി.ഡബ്ല്യൂ.എസ്.സി1/13/നി.സെ.) | 9418/സി1/13/സാനീവ. തീയതി 20-6-2013 |
| 9 | സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. കെ. മേനോൻ സമർപ്പിച്ച ഹർജി<br>(ഫ. നം. 17452/സി.ഡബ്ല്യൂ.എസ്.സി1/13/നി.സെ.) | 13189/സി2/13/സാനീവ. തീയതി 30-8-2013 |
| | **റവന്യൂ വകുപ്പ്** | |
| 1 | അയൽവാസിയുടെ അതിക്രമങ്ങൾക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. വി. രാമകൃഷ്ണൻ<br>(ഫ. നം. 11753/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 3683/പി.എസ്./12/ആർ. ഡി. തീയതി 16-5-2013 |
| 2 | കരമടയ്ക്കുന്ന ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീമതി കെ. പാറുക്കുട്ടി<br>(ഫ. നം. 11761/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 18895/ജി2/11/റവന്യൂ തീയതി 4-4-2011 |
| 3 | എതിർ കക്ഷി ഭൂമി അനധികൃതമായി കൈവശപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെന്നാരോപിച്ച് ശ്രീ. ഗോപാലകൃഷ്ണൻ നായർ<br>(ഫ. നം. 11857/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | .. |
| 4 | മകൻ സ്വത്ത് കൈക്കലാക്കിയതിനുശേഷം വീട്ടിൽ നിന്നും പുറത്താക്കിയതായി പരാതിപ്പെട്ട് ശ്രീ. വി. എം. ശങ്കരൻ<br>(ഫ. നം. 13941/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 29009/ജി2/11/റവന്യൂ തീയതി 18-7-2011 |

| (1) | (2) | (3) |
|---|---|---|
| 5 | സഹോദര പുത്രന്റെ ദ്രോഹപ്രവൃത്തിയിൽ നിന്ന് രക്ഷിക്കുന്നതിനായി ശ്രീ. അഗസ്റ്റിൻ<br>(ഫ. നം. 12288/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 28204/ജി2/11/റവന്യൂ തീയതി 4-7-2011 |
| 6 | സഹോദരൻമാർ കൈവശപ്പെടുത്തിയ തറവാട് സ്വത്ത് ലഭിക്കുന്നതിനായി ശ്രീമതി വി. കെ. രാജേശ്വരി<br>(ഫ. നം. 12318/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 22620/ജി2/12/റവന്യൂ തീയതി 21-5-2012 |
| 7 | ഭാര്യയും മക്കളും കൈവശപ്പെടുത്തിയ വീടും പറമ്പും തിരികെ ലഭിക്കുന്നതിനായി ശ്രീ. വി. അച്യുതൻ മാസ്റ്റർ<br>(ഫ. നം. 12367/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 3683/പി.എസ്./12/റവന്യൂ തീയതി 4-2-2012 |
| 8 | വീടിന് ഭീഷണിയായി നിൽക്കുന്ന മരം മുറിച്ചു മാറ്റുന്നതിനായി ശ്രീ. റോക്കി, പി. സി.<br>(ഫ. നം. 12606/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 20571/ജി2/11/റവന്യൂ തീയതി 2-5-2011 |
| 9 | വസ്തുവിന്റെ കരം സ്വീകരിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. ഗോപാലൻ നായർ<br>(ഫ.നം.12645/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 23649/ജി1/11/റവന്യൂ തീയതി 15-10-2011 |
| 10 | തണ്ടപ്പേർ രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ. വി. നാരായണൻ നാടാർ<br>(ഫ. നം. 13455/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 24213/ഇ3/11/റവന്യൂ തീയതി 21-5-2011 |
| 11 | മരണപ്പെട്ട സഹോദരന്റെ സ്വത്ത് വിൽക്കുന്നത് തടയുന്നതിനായി ശ്രീ. കെ. രാജൻ തോമസ്<br>(ഫ. നം. 14506/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 33188/ജി2/11/റവന്യൂ തീയതി 28-7-2011 |
| 12 | വസ്തു റീസർവ്വേയിലെ തെറ്റ് തിരുത്തുന്നതിനായി ശ്രീ. ആർ. പ്രഭാകരൻ പിള്ള<br>(ഫ. നം. 15321/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 50094/ഇ3/11/ആർ.ഡി. തീയതി 30-9-2011 |
| 13 | ഭൂമിയുടെ സംരക്ഷണത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ശ്രീ. പി.എ. കൃഷ്ണപൊതുവാൾ<br>(ഫ. നം. 17490/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 8662/എഫ്1/12/റവന്യൂ തീയതി 21-2-2012 |

| (1) | (2) | (3) |
|---|---|---|
| 14 | വസ്തു അളന്നുകിട്ടുന്നതിനായി ശ്രീ. എം. മുരളീധരൻ നായർ സമർപ്പിച്ച ഹർജി<br>(ഫ. നം. 16495/സി.ഡബ്ല്യൂ.എസ്.സി1/13/നി.സെ.) | 3683/പി.എസ്./12/ആർ. ഡി.(2) തീയതി 9-9-2013 |
| 15 | തന്റെ വസ്തു അനധികൃതമായി അന്യന്റെ പേരിൽ പോക്കുവരവ് ചെയ്തതിനെതിരെ ശ്രീ. ജോസഫ് തോമസ് സമർപ്പിച്ച ഹർജി<br>(ഫ. നം. 15808/സി.ഡബ്ല്യൂ.എസ്.സി2/13/നി.സെ.) | 3683/പി.എസ്./12/ആർ. ഡി.(4) തീയതി 9-9-2013 |
| 16 | മകന്റെയും മരുമകളുടെയും പേരിൽ കൊടുത്ത ദാനാധാരം റദ്ദ് ചെയ്യുന്നതിനായി ശ്രീ. രാമദാസ് സമർപ്പിച്ച ഹർജി<br>(ഫ. നം. 17094/സി.ഡബ്ല്യൂ.എസ്.സി2/13/നി.സെ.) | 52236/ജി2/13/റവന്യു തീയതി 3-10-2013 |
| 17 | പാറശ്ശാല സബ് രജിസ്ട്രാർ ആഫീസിൽ നടന്ന ധനനിശ്ചയാധാരം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി എൻ. ലക്ഷ്മിപിള്ള സമർപ്പിച്ച ഹർജി<br>(ഫ. നം. 18878/സി.ഡബ്ല്യൂ.എസ്.സി1/13/നി.സെ.) | .. |
| 18 | മുതിർന്ന പൗരൻമാരുടെ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരശേഖരണം<br>(ഫ. നം. 16957/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 71907/പി.എസ്/11/ആർ. ഡി. തീയതി 29-10-2013 |
| | **തദ്ദേശസ്വയംഭരണ വകുപ്പ്** | |
| 1 | പഞ്ചായത്തിൽനിന്നും സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി ലളിതാഭായി<br>(ഫ. നം. 11683/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 14916/ഡി.സി3/11/ തസ്വഭവ. തീയതി 10-10-2011 |
| 2 | കാൻസർ രോഗിയായ ഹർജിക്കാരന് വാർദ്ധ്യക്യ കാല പെൻഷൻ ലഭിക്കുന്നതിനായി പുതിയ റേഷൻ കാർഡ് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ചെറിയാൻ തോട്ടുങ്കൽ<br>(ഫ. നം. 11691/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 17518/ഡി. സി3/11/ തസ്വഭവ. തീയതി 7-4-2011 |
| 3 | വാർദ്ധക്യകാല പെൻഷൻ കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. സുകുമാരൻ<br>(ഫ. നം. 11765/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 17525/ഡി. സി3/11/ തസ്വഭവ. തീയതി 4-5-2011 |

| (1) | (2) | (3) |
|---|---|---|
| 4 | നിർദ്ധനയും ഭവനരഹിതയുമായ തനിക്ക് പാർപ്പിടം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി പാർവതി അമ്മ<br>(ഫ. നം. 15266/സി.ഡബ്ല്യൂ.എസ്.സി1/11/നി.സെ.) | 44073/ഡി. ബി1/11/ തസ്വഭവ.<br>തീയതി 23-8-2011 |
| 5 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനായി നൽകിയ അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിഗണിക്കാത്തതിൽ നടപടി ആവശ്യപ്പെട്ട് ശ്രീ. ജോസഫ് മത്തായി<br>(ഫ. നം. 14000/സി.ഡബ്ല്യൂ.എസ്.സി1/12/നി.സെ.) | 31723/ഡി. സി3/12/ തസ്വഭവ.<br>തീയതി 7-6-2012 |
| 6 | മുതിർന്ന പൗരൻമാർക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബാബു ജോസഫ്<br>(ഫ. നം. 15602/സി.ഡബ്ല്യൂ.എസ്.സി1/12/നി.സെ.) | 52858/ഡി. സി3/12/ തസ്വഭവ.<br>തീയതി 5-9-2012 |
| 7 | പഞ്ചായത്ത് വകുപ്പിൽ ചട്ടം ഭേദഗതി വരുത്തി ഫ്രണ്ട് ഓഫീസ് സമയം ക്രമീകരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ശശിധരൻ, കെ. ജി.<br>(ഫ. നം. 16160/സി.ഡബ്ല്യൂ.എസ്.സി1/12/നി.സെ.) | 61822/പി. എസ്/12/ തസ്വഭവ.<br>തീയതി 30-10-2012 |
| 8 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. കാരാത്ത് ബാലൻ<br>(ഫ. നം. 11861/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | .. |
| 9 | വീട് നിർമ്മിച്ചു കിട്ടുന്നതിനായി ശ്രീ. കെ. സുകുമാരൻ<br>(ഫ. നം. 12368/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 18049/ഡി. സി3/11/ തസ്വഭവ.<br>തീയതി 16-5-2011 |
| 10 | വീട്ടുനമ്പർ ലഭിക്കുന്നതിനായി ശ്രീ. ബി. ബാലചന്ദ്രൻ<br>(ഫ. നം. 12839/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 24910/ഡി. എ3/11/ തസ്വഭവ.<br>തീയതി 8-6-2011 |
| 11 | വീട് അനുവദിക്കുന്നതിനായി ശ്രീ. സുന്ദരൻ ആശാരി<br>(ഫ. നം. 14988/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | .. |

| (1) | (2) | (3) |
| --- | --- | --- |
| 12 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. സി. ഡി. ഗോപിനാഥൻ പിളള<br>(ഫ. നം. 16672/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 66025/ഡി.എ3/11/തസ്വഭവ.<br>തീയതി 26-11-2011 |
| 13 | മുളങ്കുന്നത്ത്കാവ് പഞ്ചായത്തിൽ വൃദ്ധസദനം ആവശ്യപ്പെട്ട് ശ്രീ. എം. കെ. സുകുമാരൻ<br>(ഫ. നം. 15785/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | 58280/ഡി.ബി3/12/തസ്വഭവ.<br>തീയതി 10-12-2012 |
| 14 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റ്റി. ബാലകൃഷ്ണ മേനോൻ<br>(ഫ. നം. 15798/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | 58954/ഡി.സി3/12/തസ്വഭവ.<br>തീയതി 18-10-2012 |
| 15 | വീട് അറ്റകുറ്റപ്പണി ചെയ്തുകിട്ടുന്നതിനായി ശ്രീ. ജി. ശിവശങ്കരപ്പിളള<br>(ഫ. നം. 16916/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | 54795/ഡി.ബി1/12/തസ്വഭവ.<br>തീയതി 20-9-2012 |
| 16 | പഞ്ചായത്ത് ഓഫീസ് മുകളിലത്തെ നിലയിൽ നിന്നും മാറ്റുന്നതിനായി ശ്രീ. കാരാത്ത് ബാലൻ<br>(ഫ. നം. 17220/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | 54747/ഡി.എ3/12/തസ്വഭവ.<br>തീയതി 8-10-2012 |
| | **ആഭ്യന്തര വകുപ്പ്** | |
| 1 | എതിർകക്ഷി ദേഹോപദ്രവം ചെയ്തതിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഒ. സി. ഐസക്ക്<br>(ഫ. നം. 11748/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.) | 22025/ജെ1/11/ആഭ്യ.<br>തീയതി 26-5-2012 |
| 2 | വാഹനാപകടംമൂലം കിടപ്പിലായ ഹർജിക്കാരന് കേസ് സംബന്ധമായ അനന്തര നടപടികൾക്കുള്ള സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രവീന്ദ്രൻ കണമ്പുള്ളി<br>(ഫ. നം. 15795/സി.ഡബ്ല്യു.എസ്.സി1/12/നി.സെ.) | .. |
| 3 | ധനകാര്യസ്ഥാപനത്തിൽ നിക്ഷേപിച്ച തുക തിരികെ നൽകാത്ത ഉടമസ്ഥയ്ക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. സുഗതൻ<br>(ഫ. നം. 12141/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.) | 32969/ജെ1/13/ആഭ്യ.<br>തീയതി 2-4-2013 |

| (1) | (2) | (3) |
|---|---|---|
| 4 | മരുമകളുടെ പീഡനത്തിൽ നിന്നും സംരക്ഷണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി പി. ജി. ലീല | 34482/ജെ1/13/ആഭ്യ. തീയതി 6-4-2013 |
| | (ഫ. നം. 12893/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.) | |
| 5 | സഹോദരന്മാർ കൈവശപ്പെടുത്തിയ തറവാട് സ്വത്ത് ലഭിക്കുന്നതിനായി ശ്രീമതി വി. കെ. രാജേശ്വരി | 89249/ജെ2/12/ആഭ്യ. തീയതി 3-11-2012 |
| | (ഫ. നം. 12318/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | |
| 6 | നഷ്ടപ്പെട്ട പോസ്റ്റാഫീസ് രേഖകളെക്കുറിച്ച് അറിയുന്നതിനായി ശ്രീമതി കെ. ശാന്തമ്മ | 14103/എം1/12/ആഭ്യ. തീയതി 4-10-2012 |
| | (ഫ. നം. 12439/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | |
| 7 | കബളിപ്പിച്ച് വസ്തു പണയപ്പെടുത്തിയതിനെതിരെ ശ്രീമതി കദീജ | 29382/ജെ2/11/ആഭ്യ. തീയതി 16-6-2012 |
| | (ഫ. നം. 12565/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | |
| 8 | മുതിർന്ന പൗരന്മാർക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരശേഖരണം | .. |
| | (ഫ. നം.16957/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | |
| 9 | പാൻകാർഡിനപേക്ഷിച്ചിട്ട് ലഭിച്ചില്ലെന്ന് പരാതിപ്പെട്ട് ശ്രീ. കെ. ആർ. ഉണ്ണിചെക്കൻ | 80243/ജെ2/12/ആഭ്യ. തീയതി 28-9-2012 |
| | (ഫ. നം. 15790/സി.ഡബ്ല്യു.എസ്.സി2/12/നി.സെ.) | |
| 10 | പോലീസിന്റെ ക്രൂരമർദ്ദനത്തിനും ഡോക്ടർമാരുടെ അനാസ്ഥയ്ക്കുമെതിരെ ശ്രീ. ഒ. പ്രഭാകരൻ | 27704/ജെ1/13/ആഭ്യ. തീയതി 20-3-2013 |
| | (ഫ. നം. 20720/സി.ഡബ്ല്യു.എസ്.സി2/12/നി.സെ.) | |
| 11 | സീനിയർ സിറ്റിസൺസ് ആക്ട് നടപ്പാക്കുന്നതിലുള്ള അലംഭാവം സംബന്ധിച്ച് ശ്രീ. ഇ. ജി. ശീലൻ | .. |
| | (ഫ. നം. 12287/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | |
| 12 | ശമ്പളം തിട്ടപ്പെടുത്തിയതിലുള്ള അപാകത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. ആർ. രാജേന്ദ്രൻപിള്ള സമർപ്പിച്ച ഹർജി. | 82256/പി.എസ്/13/ആഭ്യ. തീയതി 27-9-2013 |
| | (ഫ. നം. 17288/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.) | |

| (1) | (2) | (3) |
|---|---|---|
| 13 | ശമ്പളം നിജപ്പെടുത്തിയതിലെ അപാകത പരിഹരിക്കുന്നതിനായി ശ്രീ. സി. കെ. നാരായണൻ നായർ സമർപ്പിച്ച ഹർജി<br>(ഫ. നം. 17312/സി.ഡബ്ല്യൂ.എസ്.സി2/13/നി.സെ.) | 80759/പി.എസ്./13/ആഭ്യ. തീയതി 27-9-2013 |
| 14 | പാറശ്ശാല സബ് രജിസ്ട്രാർ ആഫീസിൽ നടന്ന ധനനിശ്ചയാധാരം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി എൻ. ലക്ഷ്മിപിള്ള സമർപ്പിച്ച ഹർജി<br>(ഫ. നം. 18878/സി.ഡബ്ല്യൂ.എസ്.സി1/13/നി.സെ.) | |
| | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** | |
| 1 | മുതിർന്ന പൗരന്മാർക്ക് ഡോക്ടറെ കാണുന്നതിന് മുൻഗണന നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബാബുസേനൻ<br>(ഫ. നം. 20721/സി.ഡബ്ല്യൂ.എസ്.സി1/12/നി.സെ.) | .. |
| 2 | പെൻഷൻ ലഭിക്കുന്നതിനായി ശ്രീ. മോഹനൻ<br>(ഫ. നം. 12767/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | .. |
| 3 | അവശരായ വയോജനങ്ങൾക്ക് ഡോക്ടറെ കാണാൻ പ്രത്യേക സൗകര്യമാവശ്യപ്പെട്ട് ശ്രീ. എം. കെ. സുകുമാരൻ<br>(ഫ. നം. 15785/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | .. |
| 4 | പോലീസിന്റെ ക്രൂരമർദ്ദനത്തിനും ഡോക്ടർമാരുടെ അനാസ്ഥയ്ക്കുമെതിരെ ശ്രീ . ഒ. പ്രഭാകരൻ<br>(ഫ. നം. 20720/സി.ഡബ്ല്യൂ.എസ്.സി2/12/നി.സെ.) | .. |
| 5 | സമിതിയുടെ പമ്പാ സന്ദർശനത്തിനോടനുബന്ധിച്ച നിർദ്ദേശങ്ങളിന്മേൽ നടപടി<br>(ഫ. നം. 14174/സി.ഡബ്ല്യൂ.എസ്.സി2/13/നി.സെ.) | .. |
| 6 | സീനിയർ സിറ്റിസൺസ് ആക്ട് നടപ്പാക്കുന്നതിലുള്ള അലംഭാവം സംബന്ധിച്ച് ശ്രീ. ഇ. ജി. ശീലൻ<br>(ഫ. നം. 12287/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 2255/എഫ്.ഡബ്ല്യൂ.1/13/ ആകുവ. തീയതി 5-3-2012 |
| 7 | മുതിർന്ന പൗരൻമാർക്കുള്ള ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരശേഖരണം<br>(ഫ. നം. 16957/സി.ഡബ്ല്യൂ.എസ്.സി2/11/നി.സെ.) | 27682/എഫ്.ഡബ്ല്യൂ.2/13/ ആകുവ. തീയതി 10-10-2013 |

| (1) | (2) | (3) |
|---|---|---|
| | **തൊഴിലും പുനരധിവാസവും വകുപ്പ്** | |
| 1 | ശമ്പളകുടിശ്ശിക ലഭിക്കുന്നതിനുള്ള നടപടി ആവശ്യപ്പെട്ട് ശ്രീ. പി. ഉണ്ണികൃഷ്ണൻ | 6779/ഡി2/11/തൊഴിൽ തീയതി 23-2-2013 |
| | (ഫ. നം. 11684/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.) | |
| 2 | ആയൂർവേദ സഹകരണ സംഘത്തിൽ നിന്നും വിരമിച്ചശേഷം കൈപ്പറ്റിയ ഇ.പി.എഫ് പെൻഷൻ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടതിനെതിരെയും, പെൻഷൻ നിർത്തലാക്കിയതിനെതിരെയും നടപടി ആവശ്യപ്പെട്ട് കൊല്ലം ആയൂർവേദ സഹകരണ സംഘത്തിൽ നിന്നും വിരമിച്ച ജീവനക്കാർ | 25149/ഇ2/12/തൊഴിൽ തീയതി 18-1-2013 |
| | (ഫ. നം. 12973/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.) | |
| | **ഗതാഗത വകുപ്പ്** | |
| 1 | മുതിർന്ന പൗരന്മാർക്ക് ബസ്സിൽ സംവരണം ചെയ്ത സീറ്റുകൾ, അവർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സി. പത്മനാഭൻ | 5259/ബി1/12/ഗതാഗതം തീയതി 16-4-2012 |
| | (ഫ. നം. 11706/സി.ഡബ്ല്യു.എസ്.സി1/11/നി.സെ.) | |
| 2 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺസ് സർവീസ് സൊസൈറ്റി പ്രസിഡന്റും സെക്രട്ടറിയും സംയുക്തമായി സമർപ്പിച്ച ഹർജി | 13455/എ2/13/ഗതാഗതം തീയതി 9-10-2013 |
| | (ഫ. നം. 11433/സി.ഡബ്ല്യു.എസ്.സി2/13/നി.സെ.) | |
| 3 | വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ. റ്റി. ബാലകൃഷ്ണമേനോൻ സമർപ്പിച്ച ഹർജി | 3796/എ2/13/ഗതാഗതം തീയതി 11-9-2013 |
| | (ഫ. നം. 15798/സി.ഡബ്ല്യു.എസ്.സി2/12/നി.സെ.) | |
| | **ഭക്ഷ്യ-പൊതുവിതരണ വകുപ്പ്** | |
| 1 | ബി.പി.എൽ. കാർഡ് ലഭിക്കുന്നതിനായി ശ്രീ. എൻ. ശങ്കരനാരായണൻ | 9482/ബി1/12/ഭസിസവ തീയതി 9-8-2012 |
| | (ഫ. നം. 15796/സി.ഡബ്ല്യു.എസ്. സി2/12/നി.സെ.) | |

| (1) | (2) | (3) |
| --- | --- | --- |
| | **നികുതി വകുപ്പ്** | |
| 1 | റിവേഴ്സ് മോർട്ട്ഗേജ് ലോണിനുള്ള മരണപത്രം രജിസ്റ്റർ ചെയ്തുലഭിക്കുന്നതിനുള്ള നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. എ. ബാലകൃഷ്ണൻ ആന്റ് ശ്രീമതി ജലജാ ബാലകൃഷ്ണൻ<br>(ഫ. നം. 15786/സി.ഡബ്ല്യു.എസ്. സി1/12/നി.സെ.) | .. |
| 2 | തൃശ്ശൂർ സബ് രജിസ്ട്രാറുടെയും ക്ലാർക്കിന്റെയും നിരുത്തരവാദപരമായ പെരുമാറ്റം സംബന്ധിച്ച് ശ്രീ. കെ. എ. മുഹമ്മദ് ഷെറീഫ് സമർപ്പിച്ച ഹർജി<br>(ഫ. നം. 18131/സി.ഡബ്ല്യു.എസ്.സി2/13/നി.സെ.) | .. |
| 3 | പാറശ്ശാല സബ് രജിസ്ട്രാർ ആഫീസിൽ നടന്ന ധനനിശ്ചയാധാരം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി എൻ. ലക്ഷ്മിപിള്ള സമർപ്പിച്ച ഹർജി<br>(ഫ. നം. 18878/സി.ഡബ്ല്യു.എസ്.സി1/13/നി.സെ.) | 25269/ഇ2/13/നി.വ. തീയതി 22-10-2013 |
| | **ഉന്നത വിദ്യാഭ്യാസ വകുപ്പ്** | |
| 1 | ശമ്പളം നിജപ്പെടുത്തിയതിലെ തെറ്റ് തിരുത്തിക്കിട്ടുന്നതിനായി ശ്രീ. കെ. രാഘവൻ നായർ<br>(ഫ. നം. 14261/സി.ഡബ്ല്യു.എസ്.സി2/12/നി.സെ.) | 32931/എ2/12/ഉവിവ. തീയതി 6-4-2013 |
| | **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്** | |
| 1 | എസ്.എസ്.എൽ.സി. ബുക്കിൽ ജാതിചേർത്തു കിട്ടുന്നതിനായി ശ്രീ. പി. എം. രാഘവൻനായർ<br>(ഫ. നം. 12007/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | 4269/എഫ്3/11/പജ. പവവിവ. തീയതി 15-2-2012 |
| 2 | ശമ്പളകുടിശ്ശിക ലഭിക്കുന്നതിനായി ശ്രീ. പി. കെ. രാഘവൻ<br>(ഫ. നം. 16157/സി.ഡബ്ല്യു.എസ്.സി2/12/നി.സെ.) | .. |
| | **ഊർജ്ജ വകുപ്പ്** | |
| 1 | വീട്ടു നമ്പർ ലഭിക്കുന്നതിനായി ശ്രീ. ബി. ബാലചന്ദ്രൻ<br>(ഫ. നം. 12839/സി.ഡബ്ല്യു.എസ്.സി2/11/നി.സെ.) | 856/ബി3/13/ഊ.വ. തീയതി 15-2-2013 |